
ജ്വാല 2020

## ആമുഖം

പ്രിയമുള്ളവരെ,

ഇതര  ശാസ്ത്രവിഷയങ്ങളെ അപേക്ഷിച്ച് വിവരവിനിമയ സാങ്കേതിക വിദ്യക്ക് അത്ര പഴക്കമൊന്നും അവകാശപ്പെടാനില്ല എന്നാൽ,സാധ്യതകളുടെയും പ്രയോഗത്തിന്റെയും കാര്യത്തിലിത് സർവവ്യാപിയായി ത്തീർന്നിരിക്കുന്നു. ശാസ്ത്രത്തിന്റെയും നമ്മുടെ നിത്യ ജീവിതത്തിന്റെയും എല്ലാ മേഖലകളിലും വിവരവിനിമയ സാങ്കേതിക വിദ്യ വിപുലവും വിസ്മയകരവുമായ മാറ്റങ്ങൾ വരുത്തി.നാം പഠിക്കുന്ന വിഷയങ്ങളിലെല്ലാം ഗണിതമായാലും ശാസ്ത്രമായാലും സാമൂഹ്യ ശാസ്ത്രമായാലും വിവരവിനിമയ സാങ്കേതിക വിദ്യ നന്നായി ഉപയോഗപ്പെടുന്നു.

ഡിജിറ്റൽ രംഗത്ത് കുട്ടികൾക്ക്കൂടുതൽ അറിവും പരിശീലനവും നൽകുന്നതിനായാണ് ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ് സ്കൂളുകളിൽ രൂപീകരിച്ചത്.ലിറ്റിൽ കൈറ്റ്സിലൂടെ സാങ്കേതിക ഉപകരണങ്ങൾ കൊണ്ടുള്ള പഠനം കുട്ടികൾക്ക് എളുപ്പമാകുന്നു.ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായാണ് ഞങ്ങൾ ഈ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്.

***************

## ഇതളുകൾ വിരിയുമ്പോൾ

ആമുഖം............................................................2
എഡിറ്റോറിയൽ ബോർഡ്.................................4
ഞങ്ങളുടെ ഹെഡ്മാസ്റ്റർ.......................................5
സ്വപ്നമഴ!..........................................................8
യാത്രാവിവരണം...............................................10
ഗാന്ധിജി.........................................................11
അമ്മ മലയാളം.................................................12
ആറ്റം ഘടന ചില നാഴികക്കല്ലുകൾ.....................13
മിന്നാമിനുങ്ങ് മിന്നുന്നതെങ്ങനെ..........................14
അനാഥത്വം.....................................................15
അസ്തമയ സൂര്യൻ.............................................16
ദ്രവ്യകണികകളെ പിടിക്കുന്ന ഉപകരണങ്ങൾ.......17
വെള്ളം വീണാൽ ഉടയും ചില്ല്............................18
ഭിന്നശേഷിക്കാരെ സഹായിക്കാൻ ലേഖ............19
സൈലന്റ് വാലി നാഷണൽ പാർക്ക്...................20
പ്രകാശത്തിന്റെ വേഗത.....................................21
പ്ലാസ്റ്റിക് തിന്നുന്ന മനുഷ്യൻ...............................22
മാംസഭുക്കുകളായ സസ്യങ്ങൾ.............................23
യുദ്ധവും ഗാന്ധിജിയും........................................24
തുടിതാളം തേടി................................................25
പാരിന്റെ നന്മയ്ക്കത്രേ...........................................26
വൈവിധ്യമാർന്ന ഉപയോഗങ്ങൾ.......................27
പഴഞ്ചൊല്ലുകൾ................................................28
മഹാത്മാഗാന്ധി................................................30
ജീവിതം..........................................................31
കടംകഥ..........................................................33
സാംസ്കാരിക പുരോഗതിയും...............................34
കലകളുടെ പങ്കാളിത്തവും..................................34
ഇവനില്ലെങ്കിൽ...!.............................................35
പഴഞ്ചൊല്ലുകൾ................................................36
പ്രത്യുപകാരം...................................................38
പാഠം ഒന്ന് പാടത്തേക്ക്....................................39
എന്റെ മുറ്റത്തെ മാവ്..........................................40
ഒരു കുടന്ന വെളിച്ചമായ്...................................41
എന്റമ്മ മലയാളം..............................................42
മൃഗസംരക്ഷണം നാട്ടറിവ്.................................43
കേരളം...........................................................45
കൃഷിയിലെ നാട്ടറിവുകൾ..................................46
ആരോഗ്യ സംരക്ഷണ നാട്ടറിവുകൾ...................47
ഗൃഹചികിത്സകൾ.............................................48
കരുണയുടെ സ്പർശം..........................................50

# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റർ
**അനശ്വര പി എസ്**

## സബ് എഡിറ്റർ
**ബാസില ഷാജി**

## സഹായികൾ
**ഫർസാന സിറാജ്**

**ജുഫീന അക്ബർ**

**അമ്മു എ എസ്**

**ജോസ്ന ജോസ്**

**ആൽബിൻ പ്രിൻസ്**

**അനന്തകൃഷ്ണൻ. എ**




# ഞങ്ങളുടെ ഹെഡ്മാസ്റ്റർ
# ശ്രീ. ബിജോയി മാത്യു

## ആശംസ

ഇരുപത്തി ഒന്നാം നൂറ്റാണ്ട് ഡിജിറ്റൽ യുഗമാണ്. ഇന്റർനെറ്റിന്റെയും സ്മാർട്ട് ഫോണിന്റെയും വരവോടെ വാർത്താവിനിമയ രംഗത്ത് ഇവിടെ ഒരു കുതിച്ചുചാട്ടം ഉണ്ടായി. അത് എഴുത്തിനെയും വായനയെയും അടിമുടി മാറ്റിമറിച്ചു. അച്ചടി മാധ്യമങ്ങളെ പിന്തള്ളി ഡിജിറ്റൽ മാധ്യമങ്ങൾ ഇന്ന് ലോകം കീഴടക്കിക്കഴിഞ്ഞു. എഴുത്ത്, കേൾവി, കാഴ്ച എന്നിവയെ വിദഗ്ധമായി സമന്വയിപ്പിച്ചുകൊണ്ട് പുതിയൊരു സംവേദന തലത്തിലേക്ക് ഡിജിറ്റൽ മാധ്യമങ്ങൾ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. കുട്ടികൾ എന്നല്ല മുതിർന്നവർ പോലും ഇക്കാലത്ത് വാർത്തകളും മറ്റും മൊബൈലിലാണ് വായിക്കുന്നത്. അതുകൊണ്ടുതന്നെ അച്ചടി മാധ്യമങ്ങളും ഡിജിറ്റൽ പതിപ്പുകളിലേക്കു ചുവടു മാറിക്കഴിഞ്ഞു. ഇന്ന് ആർക്കുവേണമെങ്കിലും ഡിജിറ്റൽ മാഗസിനുകൾ തയ്യാറാക്കാം. അത് ലോകം മുഴുവൻ എത്തിക്കുവാൻ വലിയ മുതൽ മുടക്കും വേണ്ട. പുസ്തകക്കെട്ടുകൾ ചുമന്നുകൊണ്ട് സ്കൂളിലേക്ക് വരുന്ന കുട്ടികളുടെ സ്ഥാനത്ത്, ഭാവിയിൽ നമുക്ക് കാണാനാവുക, ഒരു ചെറിയ മൊബൈൽ ഫോണും പോക്കറ്റിലിട്ട് വരുന്ന

കുട്ടികളെയാവും. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ സ്കൂളുകൾ പൂർണമായും ഡിജിറ്റൽ ആക്കണമെന്ന ചിന്തയിലേക്ക് സർക്കാർ എത്തിയത്. ഇതിനായി കോടികൾ ചിലവഴിച്ച് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കി. ഡിജിറ്റൽ രംഗത്ത് കുട്ടികൾക്ക് കൂടുതൽ അറിവും പരിശീലനവും നൽകുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ  ക്ലബ്ബും സ്കൂളുകളിൽ രൂപീകരിച്ചു. അതിന്റെ പ്രവർത്തനം എല്ലാ സ്കൂളുകളിലും ഇപ്പോൾ സജീവമാണ്. നമ്മുടെ സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. അവർക്ക് എല്ലാ പിന്തുണയും പ്രോത്സാഹനവും വാഗ്ദാനം ചെയ്യുന്നു. ഭാവിയിൽ ഈ കുട്ടികൾ ഓൺലൈൻ പ്രസാധന രംഗത്തും ശോഭിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

ഹെഡ്മാസ്റ്റർ
ബിജോയി മാത്യു

# സ്വപ്നമഴ!

മഴതോർന്നപ്പോൾ ..........
അതോർത്തപ്പോൾ..........
ഹൃദയത്തിലൊരു
വിഷാദമഴയുണർന്നു....
അത് തോരാതെയെന്നുള്ളിൽ.....
പെയ്തിറങ്ങി.......




വിദ്യാഗൃഹത്തിൽ നിന്നും.....
മനപൂർവ്വം കുടയെടുക്കാതെ....
മഴയത്ത് ഞാനോടിത്തുള്ളി....
സന്തോഷമാനസയായ് ഞാൻ ......
വീട്ടലേക്കോട്ടവാൻ കൂട്ടാക്കിയില്ല ഞാൻ....
കൂട്ടരുമൊത്ത് രസിച്ചിരുന്നു......

ഏറെ കളിച്ചു ഞാൻ
ഏറെ ചിരിച്ചു.......
എന്നിട്ടും മതിവരുന്നില്ലെ-
ന്നുള്ളിൽ മോഹങ്ങൾ......
തീർന്നില്ല ജീവിതമാ-
സ്വദിക്കൽ......
കുറേ നനഞ്ഞു ഞാൻ,
അവൾ എന്നുള്ളിൽ പെയ്തിറക്കിയ
സ്വപ്നങ്ങൾ കുന്നുകൂടി.........
ജീവിതത്തിലവിസ്മരണീയ
നിമിഷങ്ങളെന്നുള്ളിൽ
പൂക്കൾ വിരിയുംപോലെയുണർന്നു.......

കൂട്ടരും പിരിഞ്ഞു.....
കൂടെ മഴയും പിരിഞ്ഞു.....
അപ്പോൾ എന്നുള്ളിൽ
മുളപൊട്ടി സങ്കടങ്ങൾ.....
മഴയെയെനിക്കിഷ്ടമായിരുന്നു....
മഴയ്ക്കെന്നെയും ഒരുപോലെ.....

നിറം മങ്ങിയ ഓർമ്മകൾക്ക്

നിറം കൂട്ടുവാൻ,
ശോഭയേകുവാൻ,
അവളെന്നെ സഹായിച്ചു.......

ഇവ മറക്കരുതെന്നോർമിപ്പിച്ചു.....
അവ ഞാനേറ്റെടുത്തു...
ഹൃത്തിലേമഴ പെയ്തിറങ്ങി....
വിഷാദമെന്നുള്ളിൽ ഉയിർന്നു..
പിന്നീടെനിക്കോർമ്മവന്നെൻ
സങ്കടങ്ങൾ വെറുമൊരു
വ്യർഥ ചിത്രം....
കരയുവാൻ കഴിയാതെ
ഞാനിരുന്നു.....

കണ്ണു തുറന്നപ്പോളിതാ
ജനലഴികളിൽ മഴയുടെ
സാന്നിധ്യം.....
എൻ വീട്ടിലെ ജനലഴികളിൽ
പിറന്ന മഴയ്ക്ക് സാക്ഷിയായ്
എൻ സ്വപ്നത്തിലെത്തിയിരിക്കുന്നു.....

സ്വപ്നമാണെങ്കിലും
ഈ സ്വപ്നം ഞാനേറെ
സ്നേഹിച്ചു....
എനിക്കിഷ്ടമായൊ സ്വപ്നം-
എൻ ജീവിതത്തെ
പിടിച്ചു കുലുക്കിയ സ്വപ്നം

പറ്റിയ പറ്റെനിക്ക്
പറ്റിയതെന്ന് ഞാൻ
തിരിച്ചറിഞ്ഞു....
ഇനിയും പറ്റുമാ
പറ്റെന്ന ചിന്ത-
യെന്നെ കിടക്കയിൽനിന്നെ-
ഴുന്നേൽപ്പിച്ചു....

ഡോണ മാർട്ടിൻ

*********************


# യാത്രാവിവരണം

ഒരുപാട് ആഗ്രഹത്തോടെയും സന്തോഷത്തോടെയുമാണ് ഞങ്ങൾ മതികെട്ടാൻ ചോലയിലേക്ക് യാത്ര തിരിച്ചത്. പള്ളിയിൽച്ചെന്ന് മാനേജറച്ചന്റെ അനുഗ്രഹം വാങ്ങിയതിനുശേഷമാണ് യാത്ര ആരംഭിച്ചത്. ഒരു പ്രൈവറ്റ് ബസ്സിലാണ് ഞങ്ങൾ യാത്ര ചെയ്തത്. ഒരുപാട് ദൂരം യാത്ര ചെയ്ത് ഒരു മണി ആയപ്പോൾ അടിമാലിയിലെത്തി. അവിടെ സെന്റ് ജൂഡ് എന്ന ക്രിസ്ത്യൻ പള്ളിയിൽ ഇരുന്നാണ് ഭക്ഷണം കഴിച്ചത്. ഞങ്ങൾ എല്ലാവരും ഉച്ചഭക്ഷണത്തിന് പൊതിച്ചോറായിരുന്നു കൊണ്ടുപോയത്. ഭക്ഷണം കഴിച്ചതിനു ശേഷം യാത്ര തുടർന്നു. നാലുമണി ആകുന്നതിനുമുമ്പേ ഞങ്ങൾക്ക് അവിടെ എത്തിച്ചേരാൻ സാധിച്ചു. നാലുമണിക്ക് അവിടെ റിപ്പോർട്ട് ചെയ്യണമെന്നായിരുന്നു പറഞ്ഞിരുന്നത്. ഫോറസ്റ്റ് എഡ്യുക്കേഷൻ സെന്റർ എന്ന കോട്ടേജിലായിരുന്നു ഞങ്ങൾക്ക് താമസം ഒരുക്കിയിരുന്നത്. ഞങ്ങൾ അവിടെച്ചെന്ന് വസ്ത്രം മാറിയതിനുശേഷം കുളിച്ച് വിശ്രമിച്ചു. വൈകിട്ട് സുരേഷ് സർ നേതൃത്വം വഹിക്കുന്ന ഒരു ക്ലസ് ഉണ്ടായിരുന്നു. വളരെ മനോഹരമായ ക്ലാസായിരുന്നു അത്. ക്ലാസിനുശേഷം മാങ്ങാച്ചാറും ചെറുപയറ് തോരനും പപ്പടവും കൂട്ടിയുള്ള കഞ്ഞിയുണ്ടായിരുന്നു. കഞ്ഞി കുടിച്ചതിനു ശേഷം ഞങ്ങൾ ഉറങ്ങി.റൂമിൽച്ചെന്ന് കുറേനേരം സംസാരിച്ചതിനുശേഷമാണ് ശരിക്കും ഉറങ്ങിയത്.




രണ്ടാമത്തെ ദിവസം വനത്തിൽ അല്ലിമുത്ത് ചേട്ടന്റെ നേതൃത്വത്തിൽ ട്രക്കിങ്ങിനു പോയി.വളരെ രസകരമായിരുന്നു ആ യാത്ര! തോട്ടപ്പുഴക്കൾ ഞങ്ങളെ കടിച്ചു. പക്ഷെ ആ കടിക്കലൊക്കെ ഇപ്പോൾ ഓർക്കുമ്പോൾ നല്ല തമാശയായി തോന്നുന്നു! സിസ്റ്റർമ്മാരുടെ പേടിച്ചുള്ള ഓട്ടം കാണാൻ തോട്ടപ്പുഴക്കളാണ് ഞങ്ങളെ സഹായിച്ചത്. കാട്ടിലൂടെ യാത്ര ചെയ്ത് കുന്നിൻ മുകളിൽ എത്തിയപ്പോഴാണ് തോട്ടപ്പുഴക്കളുടെ ആക്രമണത്തിൽ നിന്നും ഞങ്ങൾ രക്ഷപെട്ടത്. കുന്നിൻ മുകളിൽ നിന്നപ്പോൾ നമ്മൾ ആകാശത്തുനിൽക്കുന്ന അനുഭവമായിരുന്നു. മഞ്ഞുമൂടിയതിനാൽ താഴെയുള്ള ദൃശ്യങ്ങൾ ആദ്യം കാണാൻ സാധിച്ചില്ലായിരുന്നു. കുറച്ചുനേരം കഴിഞ്ഞ് മഞ്ഞ് മാറിയപ്പോഴാണ് ഞാൻ താഴത്തെ മനോഹരമായ കാഴ്ച്ച കണ്ട് അമ്പരന്ന് പോയത്. വാക്കുകളിലൂടെ വിശദീകരിക്കാൻ കഴിയുന്നതല്ലായിരുന്നു ആ കാഴ്ച. ആ നിമിഷമാണ് ഈ ഭൂമി എത്ര സുന്ദരമാണെന്നും ഞാൻ എത്ര ഭാഗ്യവതിയാണെന്നും എനിക്ക് മനസിലായത്. ട്രക്കിങ്ങിനു ശേഷം ഞങ്ങൾ തിരിച്ചു വരുന്ന വഴി തേയിലത്തോട്ടത്തിലിറങ്ങി ഫോട്ടോകൾ എടുത്തതിനുശേഷമാണ് കോട്ടേജിലേക്കു മടങ്ങിയത്. അവിടെ ചെന്നതിനുശേഷം പുല്ലുപറിച്ച് അവിടം വൃത്തിയാക്കി. എത്ര മനോഹരമായ പൂക്കളാണ് അവിടെയുള്ളത്. ആ ദിവസം ജയപ്രകാശ് സാറിന്റെ ഒരു ക്ലാസ് കൂടിയുണ്ടായിരുന്നു. വളരെ നല്ല അറിവുകൾ ആ ക്ലാസിലൂടെ ഞങ്ങൾക്ക് ലഭിച്ചു. പിറ്റേ ദിവസം രാവിലെ തിരിച്ച് സ്കൂളിലേക്ക് പുറപ്പെടുമ്പോൾ ഞങ്ങൾക്കെല്ലാവർക്കും വളരെ വിഷമമായിരുന്നു. അവിടെ രണ്ടുദിവസം കൂടി നിൽക്കാൻ കൊതിച്ചു പോയി. അവിടെയുള്ള തോട്ടം,അരുവിയും,തേയിലത്തോട്ടവുമെല്ലാം ഞങ്ങളെ വളരെയധികം ആകർഷിച്ചു. ഞങ്ങൾ അഞ്ചു പേരിൽ മൂന്നു പേർക്ക് ഈ ട്രിപ്പിൽ വരാൻ കഴിഞ്ഞില്ലല്ലോ എന്ന സങ്കടം മാത്രം!

# ഗാന്ധിജി



നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി ഗുജറാത്തിലെ പോർബന്തറിൽ 1869 ഒകടോബർ 2 -ന് ജനിച്ചു. അച്ഛൻ കരംചന്ദ് ഗാന്ധി. അമ്മ പുതലീബായി. മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നായിരുന്ന പൂർണ്ണമായ പേര്. ഇന്ത്യയിലെ പ്രാരംഭവിദ്യാഭ്യാസത്തിനുശേഷം നിയമം പഠിക്കാനായി ഇംഗ്ലണ്ടിലേക്കു പോയി. 1915-ൽ അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തി ദേശീയസ്വാതന്ത്ര്യസമരത്തിൻെറ നേതൃത്വം ഏറ്റെടുത്തു.നിസ്സഹകരണപ്രസ്ഥാനം, നിയമലംഘനപ്രസ്ഥാനം, ക്വിറ്റ് ഇന്ത്യാ സമരം തുടങ്ങിയ സമരപരിപാടികൾ ആരംഭിച്ചു.1930 ൽ ഗാന്ധിജി പ്രസിദ്ധമായ ദണ്ഡിയാത്ര നടത്തി.1948 ജനവരി 30-ന് നാഥൂറാം വിനായക് ഗോഡ്സേയുടെ വെടിയേറ്റ് മരിച്ചു.

അലീന ഷാജി IX B

**********

## അമ്മ മലയാളം

പുതുപുലരിയായ്,നറുനന്മയായ്
വാനിലുദിച്ചയരുമൊരെന്റെ
മലയാളം
സ്നേഹം ചൊരിഞ്ഞ രാവിനും
പകലിനുമൊരു കൂട്ടായ്
കവിതതൻ കൈപിടിച്ചുയർത്തി
എന്റെ മലയാളം
മാനത്തുതാരകം പുഞ്ചിരിക്കും നേരം
മുല്ലതൻ ചുണ്ടിൽ നറുമണം വിരിഞ്ഞു
മലയാളക്കരയിലാകെ പൊന്നിൻ തിളക്കം
വീണാനാദം ഒഴുകിവരും വീഥികളോ
മലയാള ഭാഷതൻ
കാവ്യശൈലിയായ് വിളങ്ങി നിൽപ്പൂ

അനശ്വര പി.എസ്

**********

# ആറ്റം ഘടന ചില നാഴികക്കല്ലുകൾ

## ജെയിംസ് ചാഡ്വിക്

ന്യൂട്രോണുകൾ കണ്ടുപിടിച്ചു.

1935 ൽ ഊർജതന്ത്രത്തിലെ

നൊബേൽ സമ്മാനം.

## എർവിൻ ഷ്രോഡിംഗർ

ഡി ബ്രോഗ്ലി സമവാക്യവും
തരംഗങ്ങളുടെ ഗണിത
സമവാക്യവും സമന്വയിപ്പിച്ച്
ആറ്റങ്ങളിലെ ഇലക്ട്രോൺ

വിന്യാസത്തിന്റെ ഗണിത മാതൃക ആവിഷ്കരിച്ചു.

1933 ൽ ഊർജതന്ത്രത്തിലെ

നൊബേൽ സമ്മാനം.

## ഹിദേഖക്കി യുക്കാവ

പൈ മെസോൺ (പയോൺ)

കണത്തെക്കുറിച്ച് സിദ്ധാന്തിച്ചു.

1947 ൽ പൈ മെസോണിനെ
കണ്ടുപിടിച്ചപ്പോൾ യുക്കാവയുടെ

സിദ്ദാന്തം തെളിയിക്കപ്പെട്ടു.

ജൂഫീന അക്ബർ

**********

# മിന്നാമിനുങ്ങ് മിന്നുന്നതെങ്ങനെ

ഫ്ളൂറൻസിലും ഫോസ്ഫോറൻസിലും ആഗീരണം ചെയ്യപ്പെട്ട പ്രകാശം മറ്റൊരു രൂപത്തിൽ പുറംതള്ളപ്പെടുന്ന എങ്കിലും ചില രാസപ്രവർത്തനങ്ങളുടെ ഫലമായി പ്രകാശം ഉൽ-പാദിപ്പിക്കപ്പെടാറുണ്ട്. കെമിലുമിനസൻസ് എന്നാണ് ഇത് അറിയപ്പെടുന്നത്. വെളുത്ത ഫോസ്ഫറൻസ് സ്വയം പ്രകാശിക്കുന്നത് ഉദാഹരണം. ജീവികളാണ് ഇത്തരത്തിൽ പ്രകാശം ഉൽപാദിപ്പിക്കുന്നത് എങ്കിൽ ബയോലുമിനൻസ് എന്നും പറയാറുണ്ട്.

ജൂഫീന അക്ബർ

**********

# അനാഥത്വം




അമ്മയുടെയും അച്ഛന്റെയും കൈപിടിച്ച് വീട്ടിലേക്ക് മടങ്ങിയതല്ലാതെ അവരുടെ ഓർമ്മയൊന്നും എന്റെ മനസ്സിലില്ല. അവളുടെ ഡയറിയിൽ അവൾ കുറിച്ചിട്ടു. ഒരു കുട്ടിക്ക് കിട്ടാവുന്ന ഏറ്റവും വലിയ നൊമ്പരമായിരുന്നുവല്ലോ ആ സംഭവം. ഒറ്റ നിമിഷം കൊണ്ട് ഇരുവരും.......

ഒരു ദരിദ്രമായ കുടുംബത്തിലായിരുന്നു അവളുടെ ജനനം. സ്വന്തക്കാരായി ഒരു അമ്മാവനും അമ്മായിയും മാത്രം. അവൾക്ക് അഞ്ച് വയസ്സുള്ളപ്പോഴായിരുന്നു, അവളെ സങ്കടത്തിലേക്ക് തള്ളിയിട്ടു കൊണ്ട് അവളുടെ അച്ഛനും അമ്മയും അവളെ വേർപ്പിരിഞ്ഞത്. അവളുടെ പേര് ലയ. വീട്ടിൽ അവളെ അമ്മിണി എന്ന് വിളിക്കും. അച്ഛന്റെയും അമ്മയുടെയും അമ്മിണിക്കുട്ടിയേ.... എന്ന വിളി അവൾ കേട്ടിട്ട് ഇന്നിപ്പോൾ 15 വർഷം തികയുന്നു. അമ്മാവനും അമ്മായിയും അവൾക്ക് 11 വയസ്സുള്ളപ്പോൾ അവളെ വിട്ടുപോയി. തന്റെ അഞ്ചാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിൽ അവൾക്ക് പ്രിയപ്പെട്ട ഒരു സുഹൃത്തേയുണ്ടായിരുന്നുള്ളൂ, ശ്രേയ. പഠിപ്പിലും കലാകായികത്തിലും അവൾ മികച്ചുനിന്നു. എന്നാൽ അമ്മായിയുടേയും അമ്മാവന്റേയും അപ്രതീക്ഷിത മരണം അവളെ പൂർണ്ണ അനാഥയാക്കി.

അനാഥത്വം എന്താണെന്ന് മനസ്സിലാക്കിയത് ആ നിമിഷത്തിലായിരുന്നു. അനാഥത്വത്തിന്റെ മുറിവിൽ അവളുടെ കണ്ണീര് വീണ് ആ മുറിവ് കൂടുതൽ നീറിക്കൊണ്ടിരുന്നു. നാട്ടുകാരും കുറച്ച് അദ്ധ്യാപകരും ചേർന്ന് അവളെ ഒരു അനാഥാലയത്തിലാക്കി. 3 വർഷം കൊണ്ട് അവൾ സ്വയം ജീവിക്കുവാൻ പഠിച്ചു. അനാഥാലയം വിട്ട് അവൾ ഓടിപ്പോയി. ഓരോ സ്ഥലങ്ങളിലും ചെന്ന് തന്റെ കഴിവുകൾ പ്രകടിപ്പിച്ച് ലഭിക്കുന്ന പണത്തിൽ അവൾ ജീവിച്ചു. അങ്ങനെ തന്റെ പതിനഞ്ചാമത്തെ വയസ്സിൽ അവൾ ഒരു ഗണം സമൂഹത്തെ സുഹൃത്തുക്കളാക്കി ഒരു വീട് നിർമ്മിച്ചു. പിന്നീട്, അവരുടെ സമ്മതവും പിന്തുണയും നിമിത്തം ഉയർന്ന ഉദ്യോഗസ്ഥർ വഴി വീണ്ടും 5 കൊല്ലം അവൾ പഠിച്ചു. പത്താം ക്ലാസ്സിലെ വിദ്യാഭ്യാസംവരെ അവൾ നേടി. പിന്നീട് അവൾ ഒരു പലചരക്കു കട ആരംഭിച്ചു. അവിടെ അത്യാവശ്യം കച്ചവടവുമായി അവൾ ജീവിച്ചുപോന്നു.




എന്നും അവൾ അവളുടെ ഡയറി വാചകങ്ങൾ എടുത്തു വായിക്കും. നീറി നീറി കരയും. അവരുടെ കൂടുതൽ ചിത്രങ്ങൾ ഓർത്തെടുക്കുവാൻ ശ്രമിക്കും. അനാഥയിൽ അവൾ ഏറെ വിഷമിക്കും. അതിന്റെ വേദന എന്നും അനുഭവിക്കും. വേർപിരിയലാണ് ഏറ്റവും വലിയ വിഷമമെന്ന കാര്യം അവൾ ഓർക്കും. ആ സങ്കടം ഒരിക്കലും മാറ്റുവാൻ അവൾക്ക് സാധിച്ചിട്ടില്ല. എന്നും തന്റെ ഉറക്കത്തിൽ അവൾ കേൾക്കും-'അമ്മിണിക്കുട്ടിയേ'..................

ഫർസാന സിറാജ്

**********

# അസ്തമയ സൂര്യൻ



ചെമ്മഞ്ഞക്കൊടി പാറിച്ച്
പടിഞ്ഞാറോട്ടു മറയുമ്പോൾ
ഓർക്കുക നാം
സൂര്യന്റെ മായാലീലകളെ.
അന്തിവെയിലേറ്റ് നാം
ഊർജ്ജസ്വലരാകുമ്പോൾ
ഓർക്കുക,ശൈത്യകാലമെത്തിയാൽ
നമുക്കാസ്വദിക്കാനാവില്ല
ഈ മായാലീലകൾ.
പ്രകൃതിതൻ പുണ്യമായ്
ജൻമമെടുത്ത സൂര്യനെ
നാം മറക്കരുതൊരിക്കലും.
സൂര്യരശ്മികളാൽ ധന്യയാകും ഭൂമി,
നീ എന്തിനു സൂര്യനെ മറയ്ക്കുന്നു?
നിൻ ഭംഗി തെളിച്ചുകാട്ടും സൂര്യനെ
നീ എന്തിനു വിണ്ണിലേക്കു പറഞ്ഞയക്കുന്നു?

അമ്മു എ.എസ്

**********

# ദ്രവ്യകണികകളെ പിടിക്കുന്ന ഉപകരണങ്ങൾ

**ഗിഗർ–മുള്ളർ കൗണ്ടർ:** ചാർജുള്ള അയോണുകളുടെ സാന്നിധ്യം കണ്ടുപിടിച്ച ഉപകരണമാണ് ഇത്. ആൽഫ കണം,ബീറ്റ കണം,ഗാമാകിരണങ്ങൾ എന്നിവയുടെ സാന്നിധ്യം മനസ്സിലാക്കാൻ ഉപയോഗിച്ചിരുന്നു. വികിരണസാന്നിധ്യം കണ്ടുപിടിക്കാൻ ഇത് ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്.

**ക്ലൗഡ് ചേംബർ:** അതിപൂരിത ജലബാഷ്പമോ ആൽക്കഹോൾ ബാഷ്പ്പമോ നിറച്ച സീൽ ചെയ്ത ഒരു അറയാണിത്. മുകളിൽനിന്നും ഫോട്ടോ എടുക്കാനുള്ള സംവിധാനമുണ്ട്. ചാർജിതകണങ്ങൾ ബാഷ്പത്തിൽ ക്കൂടി കടന്നു പോകുമ്പോൾ അവ കാണാവുന്ന പാതകൾ സൃഷ്ടിക്കും. അവയുടെ ഫോട്ടോയിൽ നിന്നും കണികകളെക്കുറിച്ച് പടിക്കാം. ചാൾസ് വിൽസൺ എന്ന സ്കോട്ടിഷ് കാരനായ ഭൗതിക ശാസ്ത്രജ്ഞൻ 1911 ലാണ് ഇത് നിർമ്മിച്ചത്.1932 ൽ പോസിട്രോണും 1936 ൽ മ്യൂവോണും 1947 ൽ കാഓണും കണ്ടുപിടിച്ചത് ക്ലൗഡ് ചേംബർ ഉപയോഗിച്ചാണ്.

**ബബ്ൾ ചേംബർ:** ഉന്നതതാപനിലയിലുള്ള ദ്രാവക ഹൈഡ്രജൻ നിറച്ച ഒരു അറയാണ് ബബ്ൾ ചേംബർ. അറയ്ക്കുചുറ്റുമുള്ള ലോഹക്കമ്പികളിൽക്കൂടി വൈദ്യുതി പ്രവഹിപ്പിച്ച് കാന്തമണ്ഡലം സൃഷ്ടിക്കുന്നു.ചാർജിതകണം കടന്നുപോകുന്ന ദ്രാവക ഹൈഡ്രജനിലെ പാതയിൽ കുമിളകൾ ഉണ്ടാകുന്നു.

അനശ്വര പി.എസ്

*************

# വെള്ളം വീണാൽ ഉടയും ചില്ല്

ചൂടാകുമ്പോൾ ചില്ല് വികസിക്കുന്ന ഒട്ടുമിക്ക സാധനങ്ങളും ഇങ്ങനെയാണ്. വളരെ കുറച്ച് താപം മാത്രമേ ചില്ല കടത്തി വിടുകയുള്ളൂ. വളരെ ദുർബലവുമാണിത്.വളയുന്നതിനേക്കാളും എളുപ്പം ഉടഞ്ഞ്പോകുമെന്ന പ്രത്യേകതയും ചില്ലിനുണ്ട്.വെള്ളത്തുള്ളി വീഴുന്ന ഭാഗത്തെ ചില്ല് പെട്ടെന്ന് തണുക്കുന്നതോടെ അവിടം ചുരിങ്ങാനിടവരുന്നു.ഇതുമൂലം ഉണ്ടാകുന്ന വലിയ സമ്മർദ്ധം ചില്ലിനെ ഉടച്ചുകളയുന്നു

ബാസില ഷാജി

*************

# ഭിന്നശേഷിക്കാരെ സഹായിക്കാൻ ലേഖ

ഭിന്നശേഷിക്കാരായ കുട്ടികൾക്കും ഓട്ടിസം ബാധിച്ചവർക്കുമായി ഇലക്ട്രോണിക് ഷോയിൽ അവതരിപ്പിച്ച റോബോട്ട് ലേഖ. കുട്ടികൾക്ക് മാത്രമല്ല മുതിർന്നവർക്കും ലേഖ സഹായിയാണ്. ഇവരെ സമൂഹവുമായി ബന്ധപ്പെടാൻ ലേഖ സഹായിക്കുന്നു. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക, പാട്ടുപാടുക തുടങ്ങി നിരവിധി സവിശേഷതകൾ ഈ റോബോട്ടിനുണ്ട്. റോബോട്ടിലുള്ള ഡിസ്പ്ലേയിൽ വിവിധ മുഖഭാവങ്ങൾ തെളിയും. മാത്രമല്ല ഇവിടെ വീഡിയോയും ഫോട്ടോകളും തെളിയും. ഭിന്നശേഷിക്കാർക്കായിട്ടുള്ള ചെറിയ ഗെയിമുകളും ലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. . മാസം നിശ്ചിത തുകയ്ക്കു റോബോട്ടിനെ വാടകയ്ക്ക് കോടുക്കാനാണ് കമ്പനിയുടെ പദ്ധതി.

നന്ദന ആസാദ്

*************

# സൈലന്റ് വാലി നാഷണൽ പാർക്ക്

രാജ്യത്തെ ജനങ്ങളെയും നമുക്ക് ചുറ്റുമുള്ള ജീവജാലങ്ങളുൾപ്പെട്ട പരിസ്ഥിതിയെയും ശരിയായരീതിയിൽ സംരക്ഷിക്കുന്നതിനാണ് ശാസ്ത്രപഠനം ശ്രമിക്കേണ്ടത്.ഇതിന് നല്ല ഉദാഹരണമാണ് സൈലന്റ് വാലിയുടെ ചരിത്രം. പശ്ചിമഘട്ടത്തിന്റെ ഭാഗമായ സൈലന്റ് വാലി പാലക്കാട് ജില്ലയിലെ പ്രകൃതിരമണീയമായ ഭൂപ്രദേശമാണ്. വേറെയെങ്ങും കാണാത്ത അപൂർവസസ്യങ്ങളും മരങ്ങളും വംശനാശം സംഭവിച്ചേക്കാവുന്ന സിംഹവാലൻ കുരങ്ങ് മുതലായ ജീവികളും അവിടെയുണ്ട്. ആ നിത്യഹരിതവനത്തിൽ നിന്ന് ഉത്ഭവിച്ച് ഒഴുകുന്ന കുന്തിപ്പുഴയ്ക്ക് കുറുകെ, വിദ്യുച്ഛക്തി ഉണ്ടാക്കുവാനും ജലസേചനത്തിനുമായി, അണ കെട്ടുവാൻ കേരളസർക്കാർ 1976 ൽ തീരുമാനിച്ചു.
വെള്ളം കെട്ടി നിർത്തിയാൽ സൈലന്റ് വാലിയുടെ പ്രധാന ഭാഗങ്ങൾ എന്നന്നേക്കുമായി നശിക്കുമെന്ന് ചൂണ്ടിക്കാട്ടി കേരള ശാസ്ത്രസാഹിത്യ പരിഷത്തും  മറ്റ് പരിസ്ഥിതി പ്രവർത്തകരും ശക്തമായ സമരം തുടങ്ങി. കവികളായ എൻ. വി.ക്രൃഷ്ണവാരിയർ,സുഗതകുമാരി എന്നിവരും സമരത്തിന് പ്രചോദനം നൽകി.ശ്രദ്ദയോടെ കാര്യങ്ങൾ അറിയുന്നതിനും അതിന്റെ പൊരുൾ ജനനന്മയ്ക്കായി ഉപയോഗിക്കുന്നതിനുമുള്ള ഒരു നല്ല ശാസ്ത്രജ്ഞന്റെ പാടവം പ്രൊഫ.മേനോൻ ഒരിക്കൽക്കൂടി തെളിയിച്ചു.

അനന്തകൃഷ്ണൻ. എ

**********

# പ്രകാശത്തിന്റെ വേഗത

ഒരു വസ്തുവിനോ ഊർജരൂപത്തിനോ സഞ്ചരിക്കാവുന്ന പരമാവധി വേഗത പ്രകാശത്തിന്റെ ശൂന്യതയിലെ വേഗതയാണ്. ഇത് ഒരു സെക്കന്റിൽ മൂന്ന് ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 30 കോടി മീറ്റർ ആണ്. ഇത് ഏകദേശ കണക്കാണ്. കൃത്യമായി പറഞ്ഞാൽ സെക്കന്റിൽ 299762458 മീറ്റർ ആണ് ശൂന്യതയിൽ പ്രകാശത്തിന്റെ വേഗത. വായുവിൽ ഇത് അൽപ്പം കുറയും. ലെൻസും പ്രിസവും ഒപ്റ്റിക്കൽ ഫൈബറും ഒക്കെ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന തരം ഗ്ലാസ്സിലാണെങ്കിൽ ഈ വേഗത സെക്കന്റിൽ ഏകദേശം രണ്ടുലക്ഷം കിലോമീറ്റർ ആയിരിക്കും. എന്നാലും അപാരമായ വേഗതയാണിത്

പ്രകാശം ഒരു സെക്കന്റിൽ സഞ്ചരിക്കുന്ന ദൂരമായ മൂന്നലക്ഷം കിലോമീറ്റർ എത്ര വലുതാണെന്ന നോക്കാൻ നമുക്ക് ഒരു ഉദാഹരണമെടുക്കാം. നമുക്ക് ഒരു ദിവസം 30 കിലോമീറ്റർ നടക്കാനോ ഓടാനോ കഴിയുമെന്ന് വിചാരിച്ചാൽ മൂന്നു ലക്ഷം കിലോമീറ്റർ സഞ്ചരിക്കാൻ പതിനായിരം ദിവസമെടുക്കും. അതായത് 27 വർഷത്തിലതികം സമയം. ലോകത്തിലെ ഏറ്റവും നല്ല ഓട്ടക്കാരിൽ ചിലർക്ക് 100 മീറ്റർ ദൂരം 10 സെക്കന്റിൽ ഓടാൻ കഴിയും. അതായത് സെക്കന്റിൽ 10 മീറ്റർ ദൂരം. ഇതിന്റെ മൂന്ന് കോടി മടങ്ങാണ് പ്രകാശത്തിന്റെ വേഗം.

അനശ്വര പി.എസ്

*************

# പ്ലാസ്റ്റിക് തിന്നുന്ന മനുഷ്യൻ

പ്ലാസ്റ്റിക് ചൂടായാൽ ആൾ മഹാപിശകാണ്. ചൂടാക്കിയും തണുപ്പിച്ചുമൊക്കെ ഭക്ഷ്യവിഭവങ്ങൾ ഉപയോഗിക്കുകയെന്നത് ഇന്നു നമ്മുടെ ശീലങ്ങളുടെ ഭാഗമാണ്. പക്ഷേ തണുപ്പിച്ചവയും ചൂടാക്കിയവയുമൊക്ക സൂക്ഷിക്കുന്നതു പലപ്പോഴും പ്ലാസിറ്റിക് പാത്രങ്ങളിൽ ആണെന്നതാണ് അതിന്റെ അപകടസാധ്യത. പ്ലാസിറ്റിക് പാത്രങ്ങളും കുപ്പികളും ഒരു പരിധിയിലേറെ ചൂടാവുകയോ തണുക്കുകയോ ചെയ്താൽ പ്ലാസിറ്റിക്കിൽ രാസപ്രവർത്തനങ്ങൾ നടക്കും. പ്ലാസിറ്റിക് വാട്ടർ ടാങ്കിൽ നിന്നു രാസവസ്തുക്കൾ കുടിവെള്ളത്തിൽ കലരാൻ സധ്യതയേറെയാണ്. 40 ഡിഗ്രിസെൽഷ്യസിനടുത്തേക്കു ചൂട് എത്തുമ്പോൾ പ്രത്യേകിച്ചും . മൂന്നുലെയർ ഉള്ള പി.വി.സിയാണ് പല കമ്പനികളും വാട്ടർ ടാങ്കുകൾ നിർമിക്കാൻ ഉപയോഗിക്കുന്നത്. കാഡ്മിയം, ലെഡ്, മെർക്കുറി തുടങ്ങിയവയാണ് ഈ പി.വി.സിയിലെ ചേരുവകളിൽ ചിലത്. ചൂടു കൂടുന്നതോടെ ഇവ വെള്ളത്തിൽ കലരാൻസാധ്യതയേറും.

പുതിയ പ്ലാസിറ്റിക് വാട്ടർ ടാങ്ക് സ്ഥാപിച്ച ശേഷം ആദ്യമൊക്കെ ഉപയോഗിക്കുന്ന വെള്ളത്തിനു രുചി വ്യത്യാസം വരുന്നതു നമുക്ക് അനുഭവമുള്ളതാണല്ലോ. വെള്ളത്തിലൂടെ ശരീരത്തിൽ കടക്കുന്ന വിഷവസ്തുക്കൾ നമ്മുടെ ജീനുകളെ ദോഷകരമായി ബാധിക്കും!

ഡിസ് പോസബിൾ പ്ലേറ്റുകൾ

ചൂട് ഭക്ഷണം പ്ലാസ്റ്റിക് പേപ്പറുകളിൽ കഴിക്കാൻ നൽകുന്നതും പാഴ്സലായി കഴിക്കാൻ നല്കുന്നതും മറ്റൊരുകെണിയാണ്. കാഴ്ചയിൽ വൃത്തിയും വെടിപ്പും തോന്നുമെങ്കിലും വിലകൊടുത്തുവാങ്ങുന്നതു നിരവധി ആരോഗ്യപ്രശ്നങ്ങൾ കൂടിയാണെന്നതു മറക്കാതിരിക്കാം .ഭക്ഷ്യവിഭവങ്ങൾ ചൂടോടെ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞു നൽകരുതെന്ന നിർദേശങ്ങൾ പലപ്പോഴും ഉയർന്നിട്ടുണ്ടെങ്കിലും തട്ടുകടകളിലടക്കം ഇതൊന്നും പാലിക്കപ്പെടുന്നില്ല എന്നുള്ളതാണ് യാഥാർഥ്യം . ബജീയും മറ്റു നാലുമണിപലഹാരങ്ങളും ഇതേപോലെ തന്നെ പ്ലാസിറ്റിക്കിൽ പൊതിഞ്ഞാണ് പല കച്ചവടക്കാരും കഴിക്കാനായി നൽകുന്നത്.

ജോസ്ന ജോസ്

*************

# മാംസഭുക്കുകളായ സസ്യങ്ങൾ

സസ്യാഹാരം കഴിക്കുന്നവരെയാണ് നമ്മൾ സസ്യഭുക്കുകൾ എന്നു പറയുന്നത്. എന്നാൽ, ജന്തുക്കളെ തിന്നുന്ന സസ്യങ്ങളും നമ്മുടെ പ്രകൃതിയിൽ ഉണ്ട്. ജലത്തിലും കരയിലുമായി 630 ഇനം മാംസഭുക്കുകളായ സസ്യങ്ങൾ ഈ ഭൂമിയിലുണ്ട്. ഓടിനടന്ന് ജീവികളെ പിടിച്ചു തിന്നാൻ സസ്യങ്ങൾക്ക് കാലുകൾ ഇല്ലെന്ന് കൂട്ടുകാർക്ക് അറിയാമല്ലോ.തങ്ങളുടെ അടുത്തേക്ക് വരുന്ന ചെറുജീവികളെ സൂത്രത്തിൽ അകത്താക്കുകയാണ് ഇവർ ചെയ്യുന്നത്.ഇതിനായി പ്രകൃതി തന്നെ ഇവർക്ക് പല മാർഗങ്ങളും ഒരുക്കി നൽകിയിട്ടുണ്ട്. പിറ്റ് ഫാൾ ഇനത്തിൽപ്പെട്ട ചെടികളുടെ ഇലകൾ വഴുവഴുപ്പുള്ളവയാണ്. കുഴൽപോലെ മടങ്ങിയാണ് ഈ ഇലകൾ കാണപ്പെടുന്നത്. ഇവയിൽ വന്നിരിക്കുന്ന പ്രാണികൾ കാലുതെറ്റി ഈ കുഴലിനുള്ളിലേക്ക് വീഴുന്നു. പ്രാണികളെ ദഹിപ്പിക്കാൻ കഴിയുന്ന എൻസൈമുകളാണ് ഈ കുഴലിനകത്തുള്ളത്. കുഴലിനുള്ളിലേക്ക് ആരെങ്കിലും വീഴുമ്പോൾ തന്നെ അവർ പണി തുടങ്ങും. ഇലകലിൽ നിന്ന് പുറപ്പെടിവിക്കുന്ന പശ ഉപയോഗിച്ച് പ്രാണികളെ ചെടിയിൽ ഒട്ടിപ്പിടിപ്പിക്കുക, മുള്ളുകൾക്കിടയിലും രോമങ്ങൾക്കിടയിലും കുടുക്കിയിടുക തുടങ്ങി പല തന്ത്രങ്ങളും പ്രയോഗിച്ച് ഇര പിടിക്കുന്ന ചെടികളുണ്ട് ഈ പ്രകൃതിയിൽ. പ്രാണികളെ ആകർഷിക്കാൻ പ്രത്യേക ഗന്ധവും നിറവുമൊക്കെ ഈ ചെടികൾക്കുണ്ടാകും. യൂട്രിക്കുലേറിയ, നെപ്പന്തസ്, ഡ്രോസെറെ എന്നിവ ഇന്ത്യയിൽ കണ്ടുവരുന്ന പ്രാണിപിടിയൻ സസ്യങ്ങളാണ്.

അഭിഷേക് മനോജ്

*************

# യുദ്ധവും ഗാന്ധിജിയും

1918-ൽ ജർമ്മിനി തുടങ്ങിവെച്ച ലോകമഹായുദ്ധം അവസാനിച്ചിരുന്നില്ല. ബ്രിട്ടൺ യുദ്ദംകൊണ്ട് ആകെ തളർന്നു. തളർന്ന എതിരാളിയുടെ മർമത്തിൽ കുത്തി തൻകാര്യം നേടിയെടുക്കുന്നതിനു ഗാന്ധിജി തയ്യാറായില്ല. യുദ്ദകാലത്ത് ഇന്ത്യക്കാരെ ബ്രിട്ടീഷ് പട്ടാളത്തിൽ ചേർക്കുന്നതിൽ ഉത്സാഹിച്ച ഗാന്ധിജിയുടെ നടപടി അന്നത്തെ ഇന്ത്യൻ നേതാക്കളിൽ പലർക്കും മനസ്സിലാക്കുവാനോ മാനിക്കുവാനോ കഴിഞ്ഞില്ല. അന്നത്തെ ഇന്ത്യൻ ജനതയുടെ രാഷ്ട്രീയമായ ലക്ഷ്യം പൂർണ സ്വാതന്ത്ര്യം ആയിരുന്നില്ല.സ്വയം ഭരണമായിരുന്നു.സാമ്രാജ്യയുദ്ദത്തിൽ വിലപേശാതെ പങ്കെടുത്താൽ സ്വരാജ്യം ലഭിക്കാൻ പ്രയാസമുണ്ടാവില്ലെന്നു ഗാന്ധിജി വിശ്വസിച്ചു.

ഇക്കാലത്ത് മറ്റൊന്ന്കൂടി സംഭവിച്ചു. ഗുജറാത്തിൽ ഖയ്ദ ജില്ലയിൽ ഒരു വമ്പിച്ച വിളയുണക്കമുണ്ടായി.നികുതി കൊടുക്കാൻ കൂടി സാധു കൃഷിക്കാർ വിഷമിച്ചു. അവർ സത്യഗ്രഹം നടത്തി ഒരു ചെറിയ വിജയം കരസ്ഥമാക്കിയിരുന്നു. പട്ടാളത്തിലേക്ക് ആളെ ചേർക്കാൻ അവിടെ എളപ്പം കൂടുമെന്ന് ഗാന്ധിജിക്ക് തോന്നി. ഏറ്റവും വലിയ അഹിംസാവാദിയായ ഗാന്ധിജി പട്ടാളത്തിലേക്ക് ആളെ ചേർക്കാൻ ശ്രമിക്കുന്നതിൽ പൊരുത്തക്കേടുണ്ടെന്ന് അദ്ദേഹത്തിന്റെ ആരാധകർക്കുപോലും തോന്നലുണ്ടായി.എങ്കിലും തന്റെ വിശ്വാസം തെറ്റാണെന്ന് ഗാന്ധിജിക്കു തോന്നിയില്ല. വളരെ എതിർപ്പുകൾ നേരിട്ടു കൊണ്ടാണെങ്കിലും ഗാന്ധിജി തന്റെ പ്രവർത്തനങ്ങൾ തുടർന്നു.എന്നാൽ മാനസിക സമ്മർദ്ദങ്ങൾ ഗാന്ധിജിയ ക്രമേണ ഒരു രോഗിയാക്കി മാറ്റി. അക്കാലത്ത് അപ്രതീക്ഷിതമായി വൈസ്രോയിയുടെ ഒരു സന്ദേശം ഗാന്ധിജിക്കു കിട്ടി. യുദ്ധം അവസാനിച്ചിരിക്കുന്നു. ഇനി പട്ടാളത്തിലേക്കു ആളെ ചേർക്കേണ്ടതില്ല എന്നതായിരുന്നു അതിലെ ഉള്ളടക്കം. അതോടെ അദ്ദഹത്തിന്റെ മനസ്സിന് ആശ്വാസവും രോഗത്തിന് ശമനവും കൈവന്നു.

മരിയ ജോൺ

*************

## തുടിതാളം തേടി.........

നമ്മുടെ മാതാവും- കൈരളി- പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ  കാലം-
യതൊരു ചിന്തയുമില്ലതെ കോവം
ചേതസി തോന്നിയ മാതിരിയിൽ
ഏടലർച്ചെങ്കാച്ചൽച്ചിലങ്ക  കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കലം
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ  തിരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ംത്താൽ
പാടിയിരുന്ന  പഴങ്കപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

തേജസ് തോമസ്

*************

# പാരിന്റെ നന്മയ്ക്കത്രേ

ഞാൻ നിങ്ങൾക്കൊരു മാതൃക സൂക്തം തരാം.നിങ്ങൾ സംശയഗ്രസ്തരാകുമ്പോൾ ഈ ഒരു ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനും നിസ്സഹായനുമായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചിന്തിച്ചുനോക്കുക . അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാകുമോ?അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കികൊടുക്കുമോ ? മറ്റൊരു രീതിയിൽ പറഞ്ഞാൽ,നമ്മുടെ നാട്ടില്ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്നകോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ? അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായുംനിങ്ങൾക്ക് അനുഭവപ്പെടും.

മാത്യൂ ഷൈജു

***************

# വൈവിധ്യമാർന്ന ഉപയോഗങ്ങൾ

പതിനേഴാം നൂറ്റാണ്ടിന്റെ ആവസാനത്തിൽ തന്നെ നീരാവിയിൽ നിന്ന് ഊർജോൽപാദനം സാധ്യമാണെന്ന് തെളിയിച്ചിട്ടുണ്ടെങ്കിലും 1964 ജൂലൈ 15 ന് ഇറ്റലിയിലെ **ലാൽ ഡെറല്ലോ** എന്ന കൊച്ചുപട്ടണത്തിലാണ് ചൂടുനീരുറവകളിൽനിന്നുള്ള **ഭൂഗർതോപ വൈദ്യതോർജം** ആദ്യമായി ഉപയോഗിച്ചത്.1973 ൽ ലഡാക്കിലെ **പുഗ** താഴ്വരയിലെ ചൂടുനീരുറവകളിൽനിന്ന് 20 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിച്ച് ഇന്ത്യഭൂഗർഭ താപോർജ വൈദ്യതി ഉൽപാദനത്തിന് തുടക്കം കുറിച്ചു.1987 ആയപ്പോഴേക്കും ഇന്ത്യയടക്കം 17 രാഷ്ട്ങളിൽ
ഏകദെശം 8 ഗിഗ് വാട്ട് വൈദ്യുതി ഉൽപാദനം ഇത്തരം സ്രോതസ്സുകളിൽ നിന്ന് സാധ്യമായി-ത്തീര്ന്നു.



ജപ്പാൻകാർ തലമുരകളായി പല ആവശ്യ-ങ്ങൾക്കായി ചൂടുനീരുറവകൾ ഉപയോഗിച്ചിരുന്നു. ഐസ്ലാന്റ്,ചൈന,ഫ്രാൻസ് എന്നീ രാജ്യങ്ങളാിൽ കൊടുംതണുപ്പിൽനിന്ന് വീടിന്റെ അകം സംരക്ഷി-ക്കാനും ഇറ്റലി,ഹംഗറി എന്നിവിടങ്ങളിൽ കൃതിക്കും ന്യൂസിലന്റിൽ സംസ്കരണ ആവശ്യങ്ങൾക്കും അമേരിക്കയിൽ ടൂറിസം, വിനോദം എന്നീ ആവശ്യങ്ങൾക്കുംഈ സ്രോതസ്സുകൾ ഉപയോഗിക്കപ്പെടുന്നുണ്ട്.

ബാസില ഷാജി

**************

# പഴഞ്ചൊല്ലുകൾ

- ഒരമ്മ എന്നും വെന്തും നീറിയും.
  അടുപ്പ്
- മണ്ണിനുള്ളിൽ പൊന്നനൂല്.
  മഞ്ഞൾ
- മൂത്തവൻ മുമ്പേ, ഇളയവൻ പിമ്പേ.
  തേങ്ങ, ഇളനീർ
- മിള്ളില്ലാത്ത മീൻ നീന്തി നീന്തി.
  അട്ട
- മൂന്നു കണ്ണുണ്ടെങ്കിലും അന്ധനാണ്.
  തേങ്ങ
- വീട്ടിലെ പാവത്താൻ, കാട്ടിലെ മുഠാളൻ.
  തേക്ക്
- കയ്യനങ്ങിയാലെ വായനങ്ങൂ.
  അധ്വാനിച്ചാലെ ആഹാരം ലഭിക്കൂ.
- കളയില്ലാത്ത വിളയില്ല.
  ഒരു കുറവുമില്ലാത്ത ആരുമുണ്ടാവില്ല.
- കള്ളൻ കപ്പലിൽതന്നെ.
  കട്ടവൻ കൂട്ടത്തിലുള്ളവനായിരിക്കുന്ന അവസ്ഥ.
- കാക്ക കുളിച്ചാൽ കൊക്കാകുമോ?
  ജന്മനാ ഉള്ള രൂപം എളുപ്പത്തിൽ മാറ്റാനാകില്ല.
- കടലിൽ ചെന്നാലും നായ നക്കിയേ കുടിക്കൂ.
  ശീലിച്ചതുതന്നെ പാലിക്കും എന്നർത്ഥം.
- കടിക്കുന്ന പട്ടി കുരയ്ക്കില്ല.
  പ്രവൃത്തി ചെയ്യുന്നവർ പറഞ്ഞു നടക്കില്ല.
- കടം കൊടുത്ത് പണി മുടക്കുക.
  കടം കൊടുത്ത് ഉള്ള ലോഹ്യം കളയരുത്.
- കണ്ടറിയാത്തവൻ കൊണ്ടറിയും.

കണ്ടു മനസ്സിലാക്കാത്തവൻ അനുഭവിച്ചറിയും.

- എച്ച കെട്ടിയാൽ മുഴച്ചിരിക്കും.

  നിർബന്ധിച്ച് ഒരു കാര്യം ചെയ്യിച്ചാൽ ഭംഗിയാവില്ല.

- ഒത്തുപിടിച്ചാൽ മലയും പോരും.

  ഒരുമിച്ചുനിന്നാൽ മഹത്തായ ശക്തി.

- ഒരു ചെവികൊണ്ട് കേട്ടത് മറ്റേ ചെവിയിൽ കൂടെ ഇറങ്ങിപോയി.

  കേൾക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന സ്വഭാവം.

- ഊന്നാൻ കൊടുത്ത വടി ഉച്ചി പിളർന്നു.

  ഉപകാരത്തിന് പകരം ഉപദ്രവം ചെയ്യുന്ന ശീലം.

- ഉള്ളതുകൊണ്ട് ഓണം.

  കുറച്ചേ ഉള്ളൂവെങ്കിലും അതിൽ തൃപ്തിപ്പെടുക.

ആൽബിൻ പ്രിൻസ്

************

# മഹാത്മാഗാന്ധി

ഗാന്ധിജിയെ സ്നേഹിച്ചവർ പലതരം പൂക്കളും പഴങ്ങളും അയച്ചുകൊടുത്തുകൊണ്ടിരുന്നു. ഒരു ദിവസം ആശ്രമത്തിൽ വന്ന ഇംഗ്ലീഷുകാരിയായ ഒരു വനിത അങ്ങനെയുള്ള പൂക്കളും പഴങ്ങളും കണ്ട് അമ്പരന്നു. അവർ ഗാന്ധിജിയോട് പറഞ്ഞു:

"ഇത്രയും മനോഹരമായ ഒരു വിരുന്ന് ആസ്വദിക്കാൻവേണ്ടി ഒരു സന്യാസിനിയാകുവാൻപോലും എനിക്കു സന്തോഷമായിരുന്നു."

ഗാന്ധിജി ഇതു കേട്ടപ്പോൾ പറഞ്ഞു:

"ആഹാരകാര്യത്തിൽ വ്യത്യാസം വരുത്തുന്നതിനുവേണ്ടി സഹോദരി അത്ര ദൂരം പോകേണ്ട ആവശ്യമില്ല."

ഗാന്ധിജി ഒരു വേദിയിൽ പ്രസംഗിക്കുവാനായി എത്തി. ജനങ്ങളെല്ലാം ഹർഷോന്മാദത്തോടുകൂടി അദ്ദേഹത്തെ സ്വീഗരിച്ചു. വളരെയേറി യാത്ര ചെയ്യുകയും പല യോഗങ്ങളിലും പ്രസംഗിക്കുകയും ചെയ്തതുകൊണ്ട് ഗാന്ധിജി വളരെ ക്ഷീണിതനായിരുന്നു. ഒരു പ്രസംഗംകൂടി പറയാനുള്ള മാനസികാവസ്ഥയിലല്ലായിരുന്നു അദ്ദേഹം. ജനങ്ങളോടായി ഗാന്ധിജി പറഞ്ഞു.

"പ്രിയപ്പെട്ടവരേ, എനിക്കു സമർപ്പിക്കാനുള്ള മംഗളപത്രം വായിച്ചുകഴിഞ്ഞതായി ഞാൻ കരുതുന്നു. ഇതുപോലെ ഞാൻ നടത്തേണ്ട പ്രസംഗവും നടത്തിയതായി കരുതണമെന്ന് താൽപര്യപ്പെടുന്നു. എന്നാൽ എനിക്ക് തരുവാനുള്ള പണക്കിഴി തന്നതായി ആരും കരുതരുതേ.....!"

ജനങ്ങളെല്ലാം പൊട്ടിച്ചിരിച്ചു.

ജുഫീന അക്ബർ

*************

# ജീവിതം

തമ്പുരാൻ കുതിരയെ സൃഷ്ടിച്ചു.എന്നിട്ട് അതിനോട് പറഞ്ഞു;"നീ രാവിലെ മുതൽ രാത്രി വരെ ചുമടെടുക്കും,നിനക്ക് ബുദ്ധി തീരെ കാണില്ല,എന്നാൽ നീ അൻപത് കൊല്ലം ജീവിക്കും"

"എനിക്കു ഇരുപത് കൊല്ലം ജീവിച്ചാൽ മതി"കഴുതയുടെ എളിയ അപേക്ഷ ദൈവം സ്വീകരിച്ചു. തമ്പുരാൻ നായയെ സൃഷ്ടിച്ചു."നീ വീട് കാക്കും മുപ്പത് വർഷം ജീവിക്കും"."എനിക്ക് 15 വർഷം ജീവിച്ചാൽ മതി.നായയുടെ അഭ്യർത്ഥനയും ദൈവം സ്വീകരിച്ചു.

തമ്പുരാൻ കുരങ്ങനെ സൃഷ്ടിച്ചു."നീ മരത്തിലൂടെ ചാടി നടക്കും ഇരുപത് വർഷം ജീവിക്കും".എനിക്ക് പത്ത് വർഷം ജീവിച്ചാൽ മതി" കുരങ്ങുപറഞ്ഞു.കുരങ്ങിന്റെ അപേക്ഷയും ദൈവം സ്വീകരിച്ചു.

അവസാനം തമ്പുരാൻ മനുഷ്യനെ സൃഷ്ടിച്ചു."നീ ഈ ലോകത്തിന്റെ അധിപൻ.എല്ലാ ജീവജാലങ്ങളും നിന്റെ കീഴിലായിരിക്കും.പക്ഷെ നിന്റെ ആയുസ്സ് ഇരുപത് വർഷം മാത്രമേ ജീവിക്കൂ.


അത് കേട്ട് ഞെട്ടിയ മനുഷ്യൻ കരഞ്ഞുകൊണ്ട് പറഞ്ഞു.

"കഴുത നിരസിച്ച മുപ്പത് വർഷവും,നായ നിരസിച്ച പതിനഞ്ച് വർഷവും,കുരങ്ങ് നിരസിച്ച പത്ത് വർഷവും എനിക്ക് തന്നാലും"ദൈവം മനുഷ്യന്റെ അപേക്ഷയും സ്വീകരിച്ചു.

അന്നുമുതൽമനുഷ്യൻ മനുഷ്യനായി ഇരുപത് കൊല്ലവും,വിവാഹശേഷം മുപ്പത് വർഷം കഴുതയായും,അവന്റെ കുട്ടികൾ വളർന്ന് വലുതായപ്പോൾ നായയെപ്പോലെ വീട് കാത്തുംഒടുവിൽ വയസ്സായപ്പോൾ കുരങ്ങനെപ്പോലെ പേരക്കുട്ടികളെ കളിപ്പിച്ച് അവസാന പത്തുവർഷവും ജീവിച്ചുതീർത്തു.

ബാസില ഷാജി

*************



വിഷ്ണു റെജികുമാർ

**********

# കടംകഥ

1.. ആരും ഇഷ്ടപ്പെടാത്ത സുഖം ഏത് ? അസുഖം
2... എത്ര സംരക്ഷിച്ചാലും നശിച്ച പോകുന്ന വനം ഏത് ? യൗവനം
3... ചിലവില്ലാതെ കൊടുക്കാൻ പറ്റുന്ന ദാനം ഏത് ?? സമാധാനം
4.... അച്ഛൻ വന്നു എന്നർത്ഥം വരുന്ന പഴം ഏത് ?? പപ്പായ
5... വളരുംതോറും പേര് മാറുന്ന ഫലം ഏത് ??? തേങ്ങ
6 .. വള്ളി ഇല്ലാത്തപ്പോൾ ഇതൊരു മരമാണ്..വള്ളി ഉള്ളപ്പോൾ ഇതൊരു രോഗമാണ്..??പന.,പനി
7 .. ഏറ്റവും സുരക്ഷിതമായ ചായ .?? സേഫ്റ്റി
8 .. ഒരു പൂവ് വിരിയാൻ എത്ര സമയം വേണം..?? പൂ വിരിയില്ല മൊട്ടാണ് വിരിയുന്നത്
9 .. എന്തിന് വന്നു " എന്ന് ചോദിക്കുന്ന ഒരു സ്ഥലം..?? വൈക്കം
10 .. സ്ത്രീകളെ ബഹുമാനത്തോടെ കാണാൻ വേണ്ടി നമ്മൾ ഉപയോഗിക്കുന്ന ഒരു മാസം..?? മേടം
11 . സ്പോഞ്ചിനേക്കാൾ ഭാരം കുറവാണ്..എന്നാൽ പിടിച്ച് നിർത്താൻ പറ്റില്ല..?? കാറ്റ്
12 . ആനയുടെ അത്രേം വലുപ്പമാണ്..എന്നാൽ തീരെ ഭാരമില്ല..?? ആനയുടെ നിഴൽ
13 . ഈ , മെയിൽ കിട്ടിയാൽ ആരും സന്തോഷിക്കില്ല..ഏത് മെയിൽ..?? ബ്ളാക് മെയിൽ
14 .. നമ്മുടെ ജനനം മുതൽ മരണം വരെ കയറിയിറങ്ങുന്നത് എന്ത്..?? ശ്വാസം
15 . ലോകത്ത് ആദ്യമായി ആപ്പിൾ കായിച്ചത് എവിടെയാണ്..?? മരത്തിൽ
16 ഒരു സ്ഥലത്തു മഴ പെയ്തു . അവിടെ ഒരു നഴ്സറി സ്കൂൾ ഉണ്ടായിരുന്നു ആ കോമ്പൗണ്ടിൽ മാത്രം മഴ പെയ്തില്ല . ( കുട്ടികൾ റെയിൻ റെയിൻ ഗോ എവേ കം എഗൈൻ അനദർ ഡേ എന്ന് പാടുകയായിരുന്നു )
17 ഒരു രാജ്യത്തിനുള്ളിലെ തലസ്ഥാനത്തിനുള്ളിലെ വേറൊരു രാജ്യം. വത്തിക്കാൻ (ഇറ്റലിയുടെ ഉള്ളിലായി സ്ഥിതി ചെയ്യുന്ന ഒരു പരമാധികാരരാഷ്ട്രമാണ് വത്തിക്കാൻ നഗരം (ഔദ്യോഗികമായി സ്റ്റേറ്റ് ഓഫ് ദ വത്തിക്കാൻ സിറ്റി). റോമൻ കത്തോലിക്കാ സഭയുടെ ആസ്ഥാനവുമാണ് വത്തിക്കാൻ നഗരം. 44 ഹെക്ടർ s (110 ഏക്കർ s) വിസ്തീർണ്ണവും 800 പേർ മാത്രം വസിക്കുന്നതുമായ നഗരം വിസ്തീർണ്ണത്തിലും ജനസംഖ്യയിലും ലോകത്തിലെ ഏറ്റവും ചെറിയ പരമാധികാരരാഷ്ട്രമാണ്)
18 ഒരുത്തൻ തോട്ടത്തിൽ നിൽക്കുമ്പോൾ അവനു പച്ചനിറം . കടയിൽ നിൽക്കുമ്പോൾ കറുപ്പുനിറം . വീട്ടിൽ നിൽക്കുമ്പോൾ ചുവപ്പുനിറം (ചായ )
19 കൃഷ്ണന് നാലുമക്കളുണ്ട് . ഒന്നാമന്റെ പേര് ഒന്നാം ഉണ്ണികൃഷ്ണൻ രണ്ടാമൻ രണ്ടാം ഉണ്ണികൃഷ്ണൻ മൂന്നാമൻ മൂന്നാം ഉണ്ണികൃഷ്ണൻ . എങ്കിൽ നാലാമന്റെ പേരെന്ത് ? (ഒടുവിൽ ഉണ്ണികൃഷ്ണൻ

ഫർസാന സിറാജ്

***************

# സാംസ്കാരിക പുരോഗതിയും

# കലകളുടെ പങ്കാളിത്തവും

അതതു കാലഘട്ടത്തിലെ സാമൂഹ്യ ജീവിതത്തിന്റെ ഭാവാവിഷ്കാരമാണ് കല.രസാനുഭവം സൃഷ്ടിക്കുകയാണ് എല്ലാ കലാരൂപങ്ങളുടെയും ലക്ഷ്യം.

സമൂഹത്തിന് സ്വയം കണ്ടറിയാൻ കഴിയാത്ത സ്വന്തം നന്മതിന്മകൾ വ്യക്തമാക്കിക്കൊടുക്കുന്നത്കലകളാണ്.കലാസമൂഹത്തിൽ പരിവർത്തനം വരുത്തുന്നത് നെരിട്ടോ പരോക്ഷമായോ ആകാം.മുസ്ലീം സമുദായത്തിൽ സാക്ഷരർ വർധിക്കാൻ ബഷീറിന്റെ കഥകൾ പ്രചോദനമായിട്ടുണ്ട്.അവ വായിച്ചാണ് അവർ പഠിക്കാൻ തുടങ്ങിയത്. എന്നല്ല,വായന അവരെ സ്വാധീനിച്ചു.

പരിവർത്തനത്തിന്റെ ആ ഒഴുക്കിലേക്ക് വായിക്കാത്തവരും വന്നുപെട്ടു.സാംസ്കാരികമായ ജീർണതകൾ തുടച്ചുനീക്കാനും ജീവിതത്തെയും സമൂഹത്തെയും ഭരണത്തെയും മാറ്റിമറക്കാനും കലകൾക്കു ശക്തിയുണ്ട്. വോൾട്ടറിന്റെയും റിസോവിന്റെയും നാടകങ്ങളാണ് വിപ്ലവത്തിലേക്ക് ഇറങ്ങാൻ ഫ്രഞ്ച് ജനതയ്ക്ക് തീവ്രവേശ് പകർന്നത്.രാജഭരണം എന്നേയ്ക്കുമായി അവസാനിപ്പിക്കാനും അതിലൂടെ സമൂഹത്തിൽ പല മാറ്റങ്ങൾ വരുത്താനും ആ ജനങ്ങൾക്കു സാധിച്ചു.

സംസ്കാരപുരോഗതിയിൽ കലകൾ നിർവഹിക്കുന്ന പങ്ക് എത്രയുണ്ടെന്ന് അംഗീകരിക്കേണ്ടത് ഇവിടെയാണ്.ജീവിതം വിരസമാകാതെ,മനുഷ്യനെ ഉന്മേഷവാനും സ്വസ്ഥനും ആക്കിവക്കാൻ കലയുടെ മായീകശക്തി മതി.അങ്ങനെ ഒരുവന് ഉണ്ടാകുന്ന ശാന്തി സമൂഹത്തിലേക്കും പ്രസരിക്കുന്നു.

കലാസമ്പത്തിലൂടെ ഒരു ജനസമൂഹത്തിന്റെ സാംസ്കാരികസമ്പത്തും മനസ്സിലാക്കാം.ചിരിപ്പിച്ചും ചിന്തിപ്പിച്ചും ആസ്വദിപ്പിച്ചും മനുഷ്യമനസ്സിന് പുതിയ ഉണർവ് ഉണ്ടാക്കിക്കൊടുക്കുന്നത് കലയാണ്.അങ്ങനെ സമൂഹത്തിന്റെ ആകെ ഉള്ളിലുണ്ടാകുന്ന മാറ്റമാണ് സംസ്കാരം.കലാസ്വാദനത്തിന് അവസരം ഇല്ലാത്ത കുഗ്രാമങ്ങളിൽ സംസ്കാരിക പുരോഗതി കുറവാണ്.അത് ശ്രദ്ധിച്ചാൽ കലയുടെ ആവശ്യഗതയും സേവനമഹത്വവും ബോധ്യമാകും.സമൂഹത്തെയും ഭരണത്തെയും മാറ്റാൻമാത്രം ശക്തമായ ആ ആയുധമുപയോഗിച്ച് സംസ്കാരിക അധപതനം സൃഷ്ടിക്കുന്ന കലാശിൽപ്പികൾ സാമൂഹ്യദ്രോഹം ആണ് ചെയ്യുന്നത്.

ബാസില ഷാജി

************

# ഇവനില്ലെങ്കിൽ...!

തൊട്ടാൽപൊള്ളും,ജീവൻപോലും
ഒറ്റവലിക്കു കകുടിക്കും
ഇത്തിരികോപിച്ചെന്നാൽ സർവ്വം
ചുട്ടുകരിച്ചു മുടിക്കും

കാണാൻ വയ്യെന്നാ,ലെന്തിവനെ-
ക്കൂടാതില്ലൊരു കാര്യം
സ്നേഹം കൊണ്ടു മെരുക്കിയെടുത്താ
ലേതിനുമിവനെക്കൊള്ളും!
നേരിയ കമ്പിവഴിയവനെത്തും
നല്ല വെളിച്ചം തൂകും!

കുന്നിൻപുറവും വെള്ളം നൽകി
സുന്ദരമാം തോപ്പാക്കാം!
ഫാക്ടറിതോറും കയറിയിറങ്ങും
നാട്ടിൽ സമൃദ്ധി ലിറക്കും!
കുപ്പായത്തിൻ ചുളിവുകൾ നീക്കാ-
നിസ്തിരിയിട്ടുമിനുക്കും!

നമുക്കു വേണ്ടവയെല്ലാം ശക്തൻ-
നിമിഷംകൊണ്ട് ചമയ്ക്കും ൧
ഇവനൊരു ദിവസം വന്നെത്താഞ്ഞാ-
ലിരുട്ടുകേറും ഭവനത്തിൽ!
ഇവനില്ലെങ്കിൽ ജീവിതമാകെ-
യിരുണ്ടു പോകും നാട്ടിൽ

സൂത്രക്കാരൻ ഇവനുടെ പേര്
വൈദ്യുതിയെന്നാണല്ലോ!

ബാസില ഷാജി

**************

# പഴഞ്ചൊല്ലുകൾ

- അകത്തു കത്തിയും പുറത്തു പത്തിയും.

  ഉള്ളിൽ വെറുപ്പും പുറമെ സ്നേഹവും കാണിക്കുന്ന സ്വഭാവം
- അഞ്ചുവിരലും ഒരുപോലല്ല

  എല്ലാ മക്കളും ഒരുപോലാവില്ല
- അടിതെറ്റിയാൽ ആനയും വീഴും

  വലിയവനും ചുവടുപിഴച്ചാൽ വീഴ്ച്ച പറ്റും.
- ചത്തകുട്ടയുടെ ജാതകം നോക്കുക.

  ആവശ്യമില്ലാത്ത പ്രവർത്തി.
- തത്തമ്മേ പൂച്ച പൂച്ച

  തിരിച്ചറുവിലിലാതെ അനുകരിക്കുക.
- ചൊട്ടയിലെ ശീലം ചുടലവരെ.

  കുട്ടക്കാലത്തെ ശീലം മരിക്കുവോളം വരെ
- ചതയില്ലാത്തിടത്ത് കത്തി വയ്ക്കരുത്.

  പ്രയോജനമില്ലാത്ത പ്രവർത്തി ചെയ്യരുത്.
- കടലിൽ ചെന്നാലും നായ ലക്കിയെ കുടിക്കൂ.

  ശീലിച്ചതുതന്നെ പാലിക്കും.
- ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും

  നിർബന്ധിച്ച് ഒരു കാര്യം ചെയ്താൽ ഭംഗിയാവില്ല
- ഞാൻ പിടിച്ച മുയലിന് മൂന്നു കോമ്പ്

  ഞാൻ പറയുന്നത് തന്നെ ശരി എന്ന ദുർവാശി.
- വിത്തു ഗുണം പത്തു ഗുണം.

  പൈതൃകത്തിന്റെ ഗുണം മക്കളിലും കാണും.
- വിതച്ചതു കോയ്യും

  കർമത്തിനനുസരിച്ച ഫലമേ കിട്ടൂ
- രണ്ടു വഞ്ചിയിൽ കാലിടുക

  ഇരു ചേരികളിലും ഒപ്പം ആളാവുക
- ശ്രമംകൊണ്ട് ശ്രീമാനാകാം

  ഉലത്സാഹംകൊണ്ടുയരാം,ഐശ്വര്യം നേടാം.
- ശങ്ക വിഷം.

  സംശയം ആപത്തിലേക്കുള്ള വഴിയാണ്.

- ഏറെ ചിത്തം ഒട്ടപ്പാത്തം.

  പകിട്ട് നന്മയുടെ മാനദണ്ഡല്ല

- ഒരുമ തന്നെ പെരുമ.

  ഒരുമിച്ച് പരിശ്രമിച്ചാൽ നേട്ടമുണ്ടാകും

- ഏറ്റി വിട്ടിട്ട് ഏണി വലിക്കും.

  സഹായിക്കുന്നതായി നടിച്ചിട്ട് ചതിക്കുക.

ഫർസാന സിറാജ്

***************

# പ്രത്യുപകാരം

ഇംഗ്ലണ്ടിൽ വിശാലമായ ഒരു തോട്ടത്തിൽ കുട്ടികൾ ഓടിക്കളിക്കുകയായിരുന്നു. തോട്ടത്തിന്റെ ഒരറ്റത്ത് വലിയ കുളമുണ്ട്. കുട്ടികളിൽ ഒരാൾ കാൽ വഴുതി വീണു. കുട്ടികളുടെ കരച്ചിൽകേട്ട് തോട്ടം സൂക്ഷിപ്പുകാരൻ ഓടിയെത്തി. അയാൾ കുളത്തിലേക്ക് ചാടി,ആ കുട്ടിയെ തോളിൽ വച്ച് കരയ്ക്കെത്തി. അങ്ങനെ ഒരു വലിയ അത്യാഹിതം ഒഴിവാക്കി. ആ ബാലന്റെ പേര് വിൻസ്റ്റൻ ചർച്ചിൽ എന്നായിരുന്നു. വിവരമറിഞ്ഞ് ഓടിയെത്തിയ അവന്റെ മാതാപിതാക്കൾ അത്യന്തം കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടെ ആ തോട്ടക്കാരനോടു ചോദിച്ചു: എങ്ങനെ ഞങ്ങൾ താങ്കലോടു നന്ദി പറയേണ്ടു എന്നറിയില്ല. ഞങ്ങൾ എന്തു ചെയ്തു തരണമെന്ന് താങ്കൽ ആഗ്രഹിക്കുന്നുവോ അതു തീർച്ചയായും ഞങ്ങൾ ചെയ്യാം. തോട്ടക്കാരൻ അൽപം വൈമനസ്യം പ്രകടിപ്പിച്ചു.പിന്നെയും നിർബന്ധിച്ചപ്പോൾ അയാൾ പറഞ്ഞു: "എന്റെ മകനെ ഒരു ഡോക്ടറാക്കണമെന്ന് ആഗ്രഹമുണ്ട്." ചർച്ചിലിന്റെ  മാതാപിതാക്കൽ സന്തോഷപൂർവം അക്കാര്യം വാഗ്ദാനം ചെയ്തു.

വർഷങ്ങൾക്കുശേഷം വിൻസ്റ്റൻ ചർച്ചിൽ ഇംഗ്ലണ്ടിന്റെ പ്രധാന മന്ത്രിയായി. വലിയ ഭരണ തന്ത്രജ്ഞനും പ്രൗഢ വാഗ്മിയുമായി.ഒരിക്കൽ അദ്ദേഹം ന്യൂമോണിയ ബാധിച്ച് അവശനായി. ആ അവസരത്തിൽ രാജ്യത്തിലെ ഏറ്റം പ്രശസ്തനും പ്രഗത്ഭനുമായ ഡോക്ടറെത്തന്നെ ചികിത്സയ്ക്കായി വരുത്തി. അദ്ദേഹത്തിന്റെ പേര് അലക്സാണ്ടർ ഫ്ളെമിങ് എന്നായിരുന്നു. അദ്ദേഹമാണ് രോഗികൾക്ക് ഏറെ ആശ്വാസം പകരുന്ന പ്രസിദ്ധമായ പെൻസിലിൻ കണ്ടുപിടിച്ചത്. ഈ പ്രശസ്തമായ ഗവേഷകനും ഭിഷഗ്വരനും ആരെന്നോ?കുലത്തിൽ വീണ ബാലനെ രക്ഷിച്ച തോട്ടക്കാരന്റെ മകൻ ! എങ്ങനെ അയാൾ പഠിച്ച്  ഡോക്ടറായിത്തീർന്നു എന്ന് ഊഹിക്കയേവേണ്ടു. ചർച്ചിലിന്റെ മാതാപിതാക്കൾ അവരുടെ വാക്കു പാലിച്ചു. സുഖപ്രാപ്തിയിലെത്തിയ ചർച്ചിൽ പറഞ്ഞു:"തന്റെ ജീവൻ നിലനിർത്തുന്നതിന് ഒരു മനുഷ്യൻ രണ്ടു പ്രാവിശ്യം ഒരു കുടുംബത്തോടു കടപ്പെടുക എന്നുള്ളത് അപൂർവ്വമായിരിക്കും."

കണ്ണു തുറന്നുനോക്കുമ്പോൾ സഹായം അർഹിക്കുന്ന എത്രയോപേർ നമ്മുക്കു ചുറ്റുമുണ്ട്. അവരിലേക്കു കൈ നീട്ടുവാനുള്ള പ്രചോദനം ചർച്ചിൽ കുടുംബം നമുക്കു നൽകുന്നു.അതോടൊപ്പം ചെറിയ കാര്യത്തിലാകട്ടെ വലിയ കാര്യത്തിലാകട്ടെ നാം ചെയ്യുന്ന വാഗ്ദാനം എത്ര ത്യാഗം അനുഷ്ഠിച്ചായാലും നിറവേറ്റാൻ കഴിയണം.

ഫർസാന സിറാജ്

**********

# പാഠം ഒന്ന് പാടത്തേക്ക്

കുട്ടികളിൽ കൃഷി താത്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയിരിക്കുന്ന 'പാഠം ഒന്ന് പാടത്തേക്ക്' എന്ന പരിപാടിയുടെ ഭാഗമായി ഞങ്ങളുടെ സ്കൂളിൽ പച്ചക്കറികൃഷിയും കരനെൽ കൃഷിയും ചെയ്തുവരുന്നു. ഇടവെട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ലത്തീഫ് മുഹമ്മദ് സാറാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.ബിജോ അഗസ്റ്റ്യൻ സാറിന്റെ നേതൃത്വത്തിൽ കുട്ടികൾ പച്ചക്കറി കൃഷി പരിപാലിച്ചു പോരുന്നു. ഈ പദ്ധതിയിലൂടെ കുട്ടികളും കൃഷിയുമായുള്ള ബന്ധം കൂടുതൽ ദൃഢമാകുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വിഷരഹിതമായ പച്ചക്കറികൾ സ്കൂളിലെ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു. 'പാഠം ഒന്ന് പാടത്തേക്ക് ' എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളിൽ തുടങ്ങിയിരിക്കുന്ന കരനെൽ കൃഷിയിലൂടെ എന്താണ് കരനെൽ കൃഷി,എങ്ങനെയാണ് കൃഷി ചെയ്യേണ്ടതെന്നൊക്കെ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

## ഞങ്ങളുടെ കൃഷിത്തോട്ടം








# എന്റെ മുറ്റത്തെ മാവ്

അവധിക്കാലത്ത് പതിവുപോലെ ഞാനെന്റെ മുത്തശ്ശിയുടെ വീട്ടിലേക്ക് പോയി. നഗരത്തിന്റെ ഒച്ചപ്പാടുകളിൽ നിന്നകന്ന് പച്ചപ്പും കിളികളുമുള്ള കൊച്ചുഗ്രാമം. യാത്രയിലുടനീളം മുത്തശ്ശിയോടൊത്തുള്ള സന്തോഷകരമായ അവധിക്കാലം ഞാൻ സ്വപ്നം കണ്ടു.

റോഡുവക്കിൽ ബസ്സിറങ്ങിയ ഞാൻ അച്ഛന്റെ കൈവിടുവിച്ചുവീട്ടിലേക്ക് ഒറ്റ ഓട്ടമായിരുന്നു. പുറത്തെങ്ങും ആരെയും കണ്ടില്ല.വാതിൽ തുറന്ന് അകത്തുകയറിയതും കൊതിപ്പിക്കുന്ന മണം മൂക്കിൽ അടിച്ചുകയറി. അടുക്കളയിലേക്ക് ഓടിയ ഞാൻ കണ്ടത് ഉണ്ണിയപ്പം ഉണ്ടാക്കുന്ന മുത്തശ്ശിയെയാണ്.സ്നേഹത്തോടെ എന്നെ ചേർത്തുപിടിച്ച മുത്തശ്ശി തന്ന ഉണ്ണിയപ്പം ഞാൻ രുചിയോടെ കഴിച്ചു.

പിറ്റേന്ന് രാവിലെ മുത്തശ്ശി തൊടിയിലെ ചെടികൾക്ക് വെള്ളമൊഴിക്കുന്നതുകണ്ട് ഞാൻ അവിടേക്കു ചെന്നു. കൂട്ടത്തിൽ ഒരു കുഞ്ഞൻ ചെടിക്ക് മുത്തശ്ശി ധാരാളം വെള്ളമൊഴിക്കുന്നതുകണ്ട് ഞാൻ ചോദിച്ചു.'ഇത് എന്ത് ചെടിയാ മുത്തശ്ശി?'

'ഇത് ചെടിയല്ല മോനെ,ഇതാണ് മാവിന്റെ തൈ. ഇത് വലുതാകുമ്പോൾ നമുക്ക് മധുരമുള്ള മാമ്പഴം കിട്ടും'.മുത്തശ്ശി പറഞ്ഞു.

പിറ്റേന്നു രാവിലെ എഴുന്നേറ്റ ഉടൻ ഞാൻ മാവിൻ ചുവട്ടിലേക്ക് ഓടി. കാപ്പിയുമായി എന്നെ തിരക്കിവന്ന മുത്തശ്ശി ഞാൻ മാവിൻചുവട്ടിൽ നിൽക്കുന്നതുകണ്ട് അവിടേക്കുവന്നു. 'നീ എന്തിനാ രാവിലെ ഇവിടെ വന്നു നിൽക്കുന്നത്?'മുത്തശ്ശി ചോദിച്ചു.

'ഞാൻ നമ്മുടെ മാവിൻതൈ വലുതായോ എന്നു നോക്കാൻ വന്നതാ മുത്തശ്ശി'.മുത്തശ്ശി അതുകേട്ട് ചിരിച്ചു. എന്നിട്ട് പറഞ്ഞു.

'അത് ഇപ്പോഴൊന്നും വലുതാകില്ല. അതിന് നല്ലതുപോലെ വെള്ളവും വളവുമൊക്കെ ഇട്ടുകൊടുക്കണം. നിരാശയോടെ ഞാൻ മുത്തശ്ശിയോടൊപ്പം അകത്തേക്കു പോയി. എങ്കിലും എല്ലാദിവസവും ഞാൻ മാവിൻ ചുവട്ടിൽ പോയി നോക്കും.

അവധിക്കാലം കഴിഞ്ഞു. തിരികെ വീട്ടിലെത്തിയ ഞാൻ സ്കൂൾ  തുറക്കുന്നതിന്റെ തിരക്കുകളിലായി.പുതിയ ബാഗ്,കുട... എല്ലാം വാങ്ങിക്കൂട്ടുന്നതിന്റെ തിരക്കുകൾ. പുതിയ കൂട്ടുകാരൊക്കെയായി പുസ്തകങ്ങളുടെ ലോകത്തേക്ക് മടങ്ങിയെങ്കിലും മുത്തശ്ശിയുടെ മാവിൻതൈ എന്റെ മനസ്സിൽ നിറഞ്ഞു നിന്നു. ഇനി എത്ര അവധിക്കാലങ്ങൾ പിന്നിട്ടാലാവും മുത്തശ്ശിയുടെ മാവ് എനിക്ക് മാമ്പഴങ്ങൾ തരിക...

അനശ്വര പി.എസ്

******************

# ഒരു കുടന്ന വെളിച്ചമായ്.........

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു.സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ ചെന്നു.അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യാസ്വാധകനു വിറ്റു.

പണവുമായി വീട്ടിലേക്ക് മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി:ഈ പണം എത്രമാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്!എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിന് പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലക്കുവാങ്ങും?

അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു എന്തൊരു സൗന്ദര്യം!എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രക്കുശേഷം എന്റെ കൈകളിലെത്തിച്ചേരുന്നത് ഏത് ആത്മാവിന്തെ സ്വപ്നമാണ് ! മൃതവും സ്വപ്നരഹിതവുമായ പണത്തിന് പണത്തിന് ഇതിനെ കൈമാറാൻ ആർക്കു സാധിക്കും

ബാസില ഷാജി

************

# എന്റമ്മ മലയാളം

മലയാളമാണെന്റെ മാതൃഭാഷ
അമ്മ മടിയിലിരുത്തിപ്പറഞ്ഞുതന്ന
കഥകളും കവിതകളും മധുരമാം മലയാളം
എവിടെയും കൂട്ടുകാരൊത്ത് കൂടുമ്പോഴും
പറയുക മലയാളം എന്റെ ഭാഷ......
മലയാളം എന്ന മലനാടിൻ ഭാഷ
അറിവായ് എന്നും എനിക്ക് വേണം.....

ബാസില ഷാജി

*************

# മൃഗസംരക്ഷണം നാട്ടറിവ്

ദഹനക്കുറവിന്

- തെരുവയുടെ വേരും മലയിഞ്ചിയും ചുക്കും കുരുമുളകും കൂട്ടി കഷായം വച്ച് നാഴി കഷായം കൊടുക്കുക.ദഹനക്കുറവ് ശമിക്കും.
- പുൽത്തൈലം നാലോ ആറോ തുള്ളി വീതം കൊടുക്കുക.
- ഒരൗൺസ് വിനാഗിരി ഒരു ഗ്ളാസ് വെള്ളത്തിൽ കലർത്തി കൊടുക്കുക.
- കുമ്പളത്തിന്റെ ആറോ ഏഴോ ഇല അരച്ചുകലക്കി കുടിപ്പിക്കുക.

റബർപാൽ കുടിച്ചാൽ

- ഉങ്ങിന്റെ ഇലയും തൊലിയും കൂടി ഇടിച്ചുപിഴിഞ്ഞ് നീരു കൊടുക്കുക.
- ആഞ്ഞിലിയുടെ തൊലി ഇടിച്ചു വെള്ളത്തിൽ കലക്കി പിഴിഞ്ഞ് നീരു കൊടുക്കുക.
- നാഴി വെളിച്ചെണ്ണ കൊടുക്കുക.

മുറിവുണങ്ങുന്നതിന്

- തൊട്ടാവാടിയുടെ തളിരും ആട്ടിൻകാഷ്ടവും സമംചേർത്ത് വെളിച്ചെണ്ണയിൽ വറുത്തു ചാലിച്ചു പുരട്ടുക.
- വെളുത്തുള്ളിയും പച്ചമഞ്ഞളും കൂടി അരച്ചുപുരട്ടിയാൽ ഈച്ചശല്യം ഒഴിവാകുകയും അതോടൊപ്പം മുറിവുണങ്ങുകയും ചെയ്യും.

നീർക്കെട്ടുണ്ടായാൽ

- ചെന്നിനായകം,ഗരുഡക്കൊടി വേര്,കണ്ടകാരി,കരിംജീരകം എന്നിവ സമം എടുത്ത് ഉപ്പുനീരിൽ അരച്ച് കുഴമ്പാക്കി ഒരു മുട്ടയുടെ വെള്ളയും ചേർത്ത് ചാലിച്ച് നീരുള്ള ഭാഗത്തു പുരട്ടുക.

കണ്ണിൽ നിന്ന് വെള്ളവും ചെളിയും വരുന്നതിന്

- ആലത്തിന്റെ തളിരും ഉപ്പും കൂടി വായിലിട്ട് ചവച്ച് ഉരുവിന്റെ കണ്ണിലേക്ക് പാറ്റി തുപ്പുക.ദിവസം രണ്ടുനേരം ചെയ്താൽ രണ്ടുദിവസം കൊണ്ട് സുഖപ്പെടും.
- പഴുക്കടയ്ക്കയുടെ തൊണ്ടു പാറ്റിത്തുപ്പിയാലും സുഖപ്പെടും.

ചതവിന്

- ചെന്നിനായകം,കണ്ടകാരി,വെളുത്ത ചുണ്ടവേര്,കഴഞ്ചിവേര്,പൊൻകരണ്ടി വേര് എന്നിവ 16 ഗ്രാം വീതം കാടി വെള്ളത്തിൽ അരച്ച് ഉണക്കുക.16 ഗ്രാം രാമച്ചം ഒന്നേകാൽ ഇടങ്ങഴി വെള്ളത്തിൽ വെന്ത് ഇരുനാഴിയാക്കി നേരത്തേയുണ്ടാക്കിയ മരുന്ന് പകുതി വീതം നാഴി വെള്ളത്തിലെടുത്ത് രണ്ടു നേരമായി കൊടുക്കുക.

പനിക്ക്

- പനിയും മുട്ടലും വന്നാൽ പാണൽ(പാഞ്ചി) വേര്,ആവണിക്കിൻവേര്,ചിറ്റമൃത്,തൊട്ടാവാടി വേര്,തേരുവപ്പുല്ലുവേര്,ചുക്ക്,കുരുമുളക്,കുടംപുളി,വെളുത്തുള്ളി ഇവ അഞ്ചു കഴഞ്ചു(20 ഗ്രാം)വീതം ആറുകുപ്പി വെള്ളത്തിൽ കഷായം വെച്ച് ഒന്നരക്കുപ്പി വീതം മൂന്ന് നേരം കൊടുത്താൽ മതിയാകും.

അനശ്വര പി.എസ്

# കേരളം




വിവിധ ഭാഷകൾ സംസാരിക്കുന്ന ജില്ല കാസർകോഡ്

1956 നവംബർ 1ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിച്ചു.

34 കായലുകൾ (വേമ്പനാട്ടു കായൽ വലുത്)

- സുഗന്ധവ്യഞ്ജനങ്ങളുടെ നാട്

- ആദ്യ മുഖ്യമന്ത്രി:ഇ.എം.എസ്

44 നദികൾ (പെരിയാർ ഏറ്റവും വലിയ നദി)

തിപ്പാട്

അരി മുഖ്യാഹാരം

ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ അറ്റത്ത് സ്ഥിതി ചെയ്യുന്നു.

# കൃഷിയിലെ നാട്ടറിവുകൾ

വാഴ

- ഏതിനം വാഴയായാലും വാഴക്കുലയുടെ നേർച്ചുവട്ടിലും എതിർവശത്തുമുള്ള സൂചിക്കന്നുവേണം തിരഞ്ഞെടുക്കാൻ.
- നടാൻ ഒരുക്കിയ വാഴക്കന്ന് ദീർഘനാൾ സൂക്ഷിക്കാൻ കമഴ്ത്തി അടുക്കി വച്ചാൽ മതി.
- വാഴക്കന്നുകൾ ചാരം പുരട്ടി തണലിൽ ഉണക്കി മൂന്നാഴ്ച്ച വരെ കേടുകൂടാതെ സൂക്ഷിക്കാം.
- ചെറുതും ഒരേ വലുപ്പമുള്ള തടയോടുകൂടിയതുമായ കന്നുകൾ നടാൻ എടുക്കുന്നതാണ് ഉത്തമം.
- വാഴവിത്ത് ഒരുക്കി ചാണക നീരിൽ മുക്കി ഉണക്കി നടാം.
- കുഴിയിൽ ചരൽ അല്ലെങ്കിൽ ആറ്റുമണൽ,മരോട്ടിപ്പിണ്ണാക്ക്,ചാണകപ്പൊടി എന്നിവ ഇട്ട ശേഷം വാഴ നട്ടാൽ കുലയ്ക്ക് നിറവും താക്കവും കിട്ടും
- വാഴയുടെ മാണഭാഗം അരമണിക്കൂർ വെള്ളത്തിൽ താഴ്ത്തിവെയ്ക്കുക.അതിനു ശേഷം നന്നായി കഴുകി വൃത്തിയാക്കിയ ശേഷം നട്ടാൽ മാണപ്പുഴുക്കളെയും വാഴയിൽ കുറുനാമ്പുരോഗം മൂനകളെയും ഒരു പരിധി വരെ നിയന്ത്രിക്കാം.
- ഒരു മാസത്തോളം വാഴക്കന്ന് തണലിൽ ഉണക്കി സൂക്ഷിക്കുക.അതിനു ശേഷം ചാരം ചാണകവെള്ളത്തിൽ മുക്കിയതിനു ശേഷം ഉണക്കി നടുക.

അനശ്വര പി.എസ്

*************

# ആരോഗ്യ സംരക്ഷണ നാട്ടറിവുകൾ

1 തലവേദനക്ക് ഒരു കഷണം ഇഞ്ചിയരച്ച് നെറ്റിയിലിടുക

2 തലവേദനക്ക് തണുത്ത വെള്ളത്തിൽ തുണി മുക്കി നെറ്റിയിൽ  പതിപ്പിക്കുന്നത് തലവേദനക്ക് നല്ലതാണ്

3 കോഴിമുട്ടയുടെ വെള്ളയിൽ തിപ്പലി നുറുത്തുപൊട്ടച്ച് കൊടുത്താൽ ശ്വാസം മുട്ടൽ കുറയും

4 പൊള്ളലേറ്റയിടത്ത് വെറ്റിലച്ചാറ് പുരട്ടിയാൽ കുമിളക്കില്ല

5 പൊള്ളലേറ്റ ഭാഗത്ത് കോഴിമുട്ട അടിച്ച് പതപ്പിച്ച് പുരട്ടുക

6 പുഴുങ്ങലരിയുടെ കാടിവെള്ളത്തിൽ തുണിനനച്ച് നെറ്റിയിലിടുന്നത് തലനവേദനക്ക് നല്ലതാണ്

7 തലവേദനയുള്ളപ്പോൾ മണമുള്ള പൂക്കൾ ചൂടാതിരിക്കുക തലവേദന വർദ്ധിക്കും

8 ജലദോഷത്തിന് തുളസിനീര് തേനിൽ ചേർത്ത് കഴിക്കുക

9 ചൂട്ടു വെള്ളത്തിൽ അല്പം മഞ്ഞൾപൊടി കലക്കി കവിൾകൊണ്ടാൽ ഒച്ചയടപ്പിന് ആശ്വാസം കിട്ടും

10 ചുവന്നുള്ളിയും തുള്ളസിയും അരച്ച് നെറ്റിയിലിട്ടാൽ തലവേദന മാറും

മരിയ ജോൺ

******************

# ഗൃഹചികിത്സകൾ

ജലദോഷം

1. ഇഞ്ചിയും കുരുമുളകും ചേർത്ത് കഷായം വച്ച് കഴിക്കുക.
2. തുളസിനീരിൽ തേൻ ചേർത്ത് കഴിക്കുക.
3. പനികൂർക്കനീരിൽ ചെറുനാരങ്ങനീരും തേനും ചേർത്ത് കഴിക്കുക.
4. ഇഞ്ചിനീരും ചെറുനാരങ്ങാനീരും ചേർത്ത് ചായ കുടിക്കുക.
5. ഇടയ്ക്കിടെ ചെറുനാരങ്ങാനീര് സേവിക്കുക.
6. കുട്ടികളുടെ ജലദോഷത്തിന് പനിക്കൂർക്കയില വാട്ടി നെറുകിലിടുക.
7. അയമോദകം ഇട്ടുതിളപ്പിച്ച വെള്ളം കുടിക്കുക.
8. മുതിരിച്ചാർ കുരുമുളകുരസമാക്കി ചേർത്ത് ഭക്ഷണം കഴിക്കുക.
9. കുരുമുളക്, മഞ്ഞൾ, ഇഞ്ചി, വെളുത്തുള്ളി എന്നിവ അരച്ച് വാളൻപുളിനീര് ചേർത്ത് രസം പതിവായി കഴിക്കുക.
10. ജീരകം, മല്ലിയില, വെളുത്തുള്ളി എന്നിവ തിളപ്പിച്ച വെള്ളം കൽക്കണ്ടം ചേർത്ത് കഴിക്കുക.

പനി

1. കുട്ടികളുടെ പനിക്ക് ചെറുതേക്കിൻ വേര്, പർപ്പടകപ്പുല്ല് , മുത്തങ്ങ എന്നിവ ചേർത്ത് കഷായമുണ്ടാക്കി കൽക്കണ്ടവും ജീരകവും പൊടിച്ച് മേമ്പൊടിയാക്കി കൊടുക്കുക.
2. പാവക്കനീരിൽ വയമ്പ് അരച്ച് നാക്കിൽ തേക്കുക.
3. വിട്ടുമാറാത്ത പനിക്ക് കുടകപ്പാലയരി, പടവലത്തില, കടുകുരോഹിണി എന്നിവ കഷായം വെച്ച് കൊടുക്കുക.
4. തുള്ളൽ പനിക്ക് തുമ്പപ്പൂ കിഴികെട്ടിയിട്ട് പാല് കാച്ചി കൊടുക്കുക.
5. ചൂടുവെള്ളത്തിൽ നാരങ്ങാനീര് കലർത്തി കുടിക്കുക.
6. ഇടക്കിടെ തുളസി നീര് തേൻ ചേർത്ത് നൽക്കുക.
7. രാപ്പനിക്ക് അരയാൽ തളിര് പാലിൽ കഷായം വെച്ച് പഞ്ചസാര ചേർത്ത് കൊടുക്കുക.
8. കണികൊന്നയുടെ തൊലിയും കിരിയാത്തും കഷായം വെച്ച് കാലത്തും വൈകിട്ട് കൊടുക്കുക.
9. ചർദ്ദിയും പനിയുംമുണ്ടെങ്കിൽ ഞാവൽ തളിര്, മാവിൻ തളിര്, പേരാലിൻ മൊട്ട്, രാമച്ചം എന്നിവ കഷായം വെച്ച് ചേർത്ത് കൊടുക്കുക.
10. ഏതുതരം പനിയാണെന്നറിഞ്ഞുവേണം ചികിത്സ നിശ്ചയിക്കാൻ. ചുക്ക്, കുരുമുളക്, അര സ്പൂൺ മഞ്ഞൾപൊടി എന്നിവ ഇട്ട് തിളപ്പിച്ച വെള്ളം കൽക്കണ്ടം ചേർത്ത് കൊടുക്കുക.

## ചുമ

1. തുളസിയിലനീര് കൽക്കണ്ടം ചേർത്തു കഴിക്കുക.
2. ഇഞ്ചിനീര് സമം തേൻ ചേർത്ത് കഴിക്കുക.
3. കുട്ടികളുടെ ചുമക്ക് 5 മില്ലി ചെറുനാരങ്ങാനീരിൽ അത്രതന്നെ തേൻ ചേർത്ത് നൽകുക.
4. ചുമയോടൊപ്പം നെഞ്ചുവേദനയുണ്ടെങ്കിൽ ഓറഞ്ചുനീരിൽ മുട്ടയുടെ മഞ്ഞക്കരു ചേർത്തു കഴിക്കുക.
5. തിപ്പല്ലിപ്പൊടി തുളസി നീരിൽ ചാലിച്ച് കഴിക്കുക.
6. കൊത്തമല്ലി അരിക്കാടിയിലരച്ചു പഞ്ചസാര ചേർത്തു കഴിക്കുക.
7. ആടലോടകം വാട്ടി പിഴിഞ്ഞ നീരിൽ ചുക്ക് പൊടിച്ച് ചേർത്ത് കഴിക്കുക.
8. പുകവലിമൂലമുള്ള ചുമക്ക് തേങ്ങാപ്പാലിൽ തേൻ ചേർത്ത് പലതവണ കഴിക്കുക.
9. 10 ഗ്രാം ആടലോടകവേര്, 5 ഗ്രാം കറുവപ്പട്ട, 5 ഗ്രാം കുരുമുളക് ചേർത്ത് കഷായം വച്ച് ആറ് നേരം സേവിക്കുക.

10.തിപ്പലിയും കൽക്കണ്ടവും ചേർത്ത് പൊടിച്ച് തേനിൽ ചേർത്ത് കഴിക്കുക.

മരിയ ജോൺ

*************

# കരുണയുടെ സ്പർശം

വീണ്ടും ഒരു പെരുമഴക്കാലം. രോഗപീഢകളുടെയും അപകടങ്ങളുടെയും കഥകളാണ് എങ്ങും. കോരിച്ചൊരിയുന്ന മഴ നോക്കി ഉമ്മറത്തിരിക്കുമ്പോൾ അറിയാതെ വല്ല്യമ്മച്ചിയുടെ മുഖം ഓർമ്മയിൽ വരും.

നല്ല ചൂടുകട്ടൻകാപ്പിയുമായി മുന്നിൽ നിൽക്കുന്ന വല്ല്യമ്മച്ചി. മറുകൈയിൽ കശുവണ്ടി ചുട്ടതോ ചക്കക്കുരു ചുട്ടതോ എന്തെങ്കിലും കാണും. അതു ചവച്ച് കട്ടനും കുടിച്ചിറക്കി ഇരിക്കുമ്പോൾ അകമ്പടിയായി മിന്നലും ഇടിയും കാറ്റും.കുട്ടികളൊക്കെ പേടിച്ച വിറയ്ക്കുന്നുണ്ടാവും.പക്ഷേ വല്ല്യമ്മച്ചിയുടെ കണ്ണുകളിൽ ഭാതി ലവലേശമില്ല. വല്ലാത്തൊരു ആത്മവിശ്വാസമാണ് ആ മുഖത്ത്.

പക്ഷേ തോട്ടിലെ വെള്ളം ഉയരുന്നതു കണ്ടാൽ വല്ല്യമ്മച്ചി അസ്വസ്ഥമാകും.കാരണം അക്കരയ്ക്കു കടക്കാൻ പാലമില്ല. പിന്നെ വെള്ളം കുറയുന്നതുവരെ കാത്തിരിക്കുകയല്ലാതെ തോടു കടക്കാൻ വേറെ മാർഗ്ഗമില്ല. തോടിനക്കരയുള്ള കൂട്ടുകാരിയെ കാണാനാവില്ല എന്നതാണ് വല്ല്യമ്മച്ചിയുടെ പ്രധാന പ്രശ്നം. എല്ലാ ദിവസവും കൂട്ടുകാരിയുടെ അടുത്തെത്തി കുറേനേരം പഴങ്കഥകൾ പറഞ്ഞിരിക്കുന്നത് വല്ല്യമ്മച്ചിയുടെ ദിനചര്യയുടെ ഭാഗമാമ്. അതു മുടങ്ങിയാൽപിന്നെ വല്ല്യമ്മച്ചിക്ക് ആകെ അസ്വസ്ഥതയാണ്. കാട്ടുകാരിയുടെ അടുത്തേക്കുപോകുമ്പോൾ കൂട്ടിനായി പലപ്പോഴും എന്നെയും കൂട്ടിയിരുന്നു. അങ്ങനെ ധാരാളം പഴങ്കഥകൾ ഞാനും കേട്ടിട്ടുണ്ട്. കഷ്ടപ്പാടിന്റെയും ഒറ്റപ്പെടലിന്റെയും കഥകൾ സമീപ പ്രദേശങ്ങളിൽ ആരെങ്കിലും രോഗികളായെന്നറിഞ്ഞാൽ വല്ല്യമ്മച്ചി കൂട്ടുകാരിയെയും കൂട്ടി അവരെ സന്ദർഷിക്കാനിറങ്ങും. അത് എന്തു പകർച്ചവ്യാധി ആയാലും വല്ല്യമ്മച്ചിക്കു പ്രശ്നമല്ല. ആ സന്ദർശനങ്ങൾ സഹ ജീവികൾക്കു നൽകുന്ന ആശ്വാസമം ചില്ലറയല്ല.

സത്യത്തിൽ സഹ ജീവികളോടുള്ള ആ കരുതലും സ്നേഹവും കണ്ടുപിടിക്കേണ്ടതു തന്നെ. ഇന്ന് സ്വന്തം വീട്ടിലും പരിസരങ്ങളിലും മാത്രമായി ഒതുങ്ങുന്ന നമ്മൾ തൊട്ടടുത്ത വീട്ടിലെ താമസക്കാർ ആരെന്നുപോലും മനസ്സിലാക്കുന്നില്ല. വല്ല്യമ്മച്ചി കാണിച്ചുതന്ന ആ കരുണയും സ്നേഹവും അനുഭവിക്കണമെങ്കിൽ ഇന്ന് ഓർമ്മകളിലേക്ക് ഊളിയിടണം.

അമ്മു എ.എസ്

*************